കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിയെട്ട്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിയെട്ട്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: King Shantanu and his wife Satyavati, also known as Matsyagandha, a painting by Raja Ravi Varna (1848–1906). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 38 —

"ആ കാലം! എന്റെ സഹനത്തെ കുറിച്ച് ദുശ്ശള, നിങ്ങൾക്കെന്തറിയാം. പാഞ്ചാലയിലും, അതിനുമുമ്പ് ഏകചക്രയിലും, ഞങ്ങൾ പാണ്ഡുവിന്റെ വിധവയും മക്കളുമല്ല, വ്യാജസ്വത്വധാരികളായ ദരിദ്ര ബ്രാഹ്മണവേഷക്കാർ. നേരം പുലർന്നാൽ അഞ്ചു ആണങ്ങളും ഗ്രാമത്തിലെ ഒരോ വീട്ടിലും കയറി ചെല്ലും. പാത്രം നിറഞ്ഞാൽ ഓടി വീട്ടിൽ വരും. എന്തോ നേടി എന്ന സ്വരത്തിൽ ഓരോരുത്തരും, കിട്ടിയ 'സമ്മാന'ത്തെ പ്രകീർത്തിക്കും. ഭിക്ഷ, പിച്ച എന്നിവക്ക് പകരം അവർ കണ്ടെത്തിയ 'സമ്മാനം' എന്ന വാക്ക ഞങ്ങൾക്കെല്ലാം ആ ഇരുണ്ട ജീവിതാവസ്ഥയിൽ കൗതുകമായിരുന്നു. ഇച്ചിൽ കൊണ്ടുവരുന്നവന്റെ അപമാനമില്ല. സമ്മാനം കൊണ്ടുവരുന്ന ആഘോഷം പ്രസരിക്കുന്ന അതിജീവനം. ഓരോരുത്തരും കൊണ്ടു വന്ന 'സമ്മാനം' അവിടെ തുറന്നുനോക്കാതെ വക്കും, എല്ലാവരും എത്തി ബ്രാഹ്മണരീതിയിൽ കുളിച്ചു സന്ധ്യാവന്ദനം പരസ്യമായി ചെയ്ത അകത്തുവന്ന ഞാൻ പാചകം ചെയ്ത ഭക്ഷണം എന്ന പോലെ ആസ്വദിച്ച വീതം വച്ച് അവർ കഴിക്കും. ദരിദ്ര ബ്രാഹ്മണവേഷത്തിൽ മക്കൾ പാഞ്ചാല മത്സര വേദിയിൽ പോയത് വയർ നിറയെ സദ്യ പ്രതീക്ഷിച്ചിട്ടായിരുന്നു, മത്സരത്തിൽ അർജ്ജുനൻ ജയിച്ചാലും, അഹങ്കാരിയായ പാഞ്ചാലൻ ദ്രോണശിഷ്യന് പുത്രിയെ കൊടുക്കുമോ? വീട്ടിൽ ആവർത്തനച്ചുവയുള്ളതായിരുന്ന നിങ്ങൾ പൊലിപ്പിക്കുന്ന അന്നത്തെ ആ കുപ്രസിദ്ധ അർത്ഥശങ്ക. എന്താണ് 'സമ്മാനം' കിട്ടിയത് എന്ന് ഉത്സാഹത്തോടെ എണീറ്റ് അന്വേഷിക്കാൻ പറ്റുന്ന വൈകാരികാവസ്ഥയിൽ ആയിരുന്നില്ല, ആരോഗ്യവാന്മാരായ ആൺമക്കൾ അഞ്ചുപേർ ഉണ്ടായിട്ടും ഇങ്ങനെ ഒരു ചെറ്റക്കുടിലിൽ സ്വകാര്യതയില്ലാതെ കഷ്ടം അനുഭവിക്കുന്ന ഞാൻ."

"മക്കളില്ലാത്ത കുന്തീഭോജന്റെ വളർത്തുപുത്രിയായി ബാല്യകൗമാരങ്ങളിൽ തന്നെ വൃദ്ധമുനികൾക്ക രാപ്പകൽ വ്യക്തിഗതസേവനത്തിന നിയുക്തയായി. സേവന മികവിന വരംകിട്ടിയ ഞാൻ വിവാഹത്തിന് മുമ്പ് വഴിവിട്ട രതിയിൽ വീണ എന്നൊക്കെ കുതിരപ്പന്തികളിൽ കേൾക്കുന്ന വാർത്തകൾ തള്ളാനോ കൊള്ളാനോ എനിക്ക് ഈ നിമിഷം അധികാരമില്ല. അധികാരം കിട്ടിയത് ഷണ്ഡൻ പാണ്ഡുവിന. അയാൾക്ക് ഭാര്യയായി ഭീഷ്മർ എന്നെ ഹസ്തിനപുരിയിൽ കൊണ്ടുവന്നപ്പോൾ. നിങ്ങളുടെ പിതാവ് ധൃതരാഷ്ട്രർ സ്വയം അന്ധനാണെന്ന അവകാശപ്പെട്ട അധികാരത്തിൽ നിന്ന് ഒളിച്ചോടി, പാണ്ഡു കുറെകാലം സിംഹാസനത്തിൽ ഇരുന്നു. നരഹത്യ ചെയ്ത മുനി ശാപം കിട്ടിയ പാണ്ഡു പാപപരിഹാരത്തിൽ (ആ കാട്ടിൽപോക്കിന്റെ യുക്തിരാഹിത്യം ഇന്നും എന്നെ ഞെട്ടിക്കുന്നു) ഭാര്യമാരെയും കൊണ്ട് വനവാസത്തിന പോയപ്പോൾ കൂടെ പോവേണ്ടി വന്ന ഞാനും മാദ്രിയും നേരിട്ടത് സംഭോഗസാധ്യതയില്ലാത്ത വരണ്ട ദാമ്പത്യം. കൂടെ പൊറുക്കുന്ന രണ്ടു സുന്ദരിപ്പെണ്ണുങ്ങളെ തൊട്ടാൽ ശാപം ഏറ്റു പൊട്ടും പാവം പാണ്ഡുഹൃദയം. വിവാഹേതര രതി ഞങ്ങൾക്ക് ആനന്ദത്തിനായിരുന്നില്ല, അത്യാവശ്യത്തിനായിരുന്നു. കൗമാര രതിസേവനത്തിന മുനി പ്രതിഫലമായി തന്ന പ്രലോഭനമന്ത്രങ്ങൾ വേണ്ടപോലെ ഉച്ചരിച്ചപ്പോൾ ആകാശചാരികളെ കാട്ടുമുറിയിലേക്കു ആകർഷിക്കാനായി. അടുത്ത രണ്ടു ദശാബ്ദങ്ങൾ ഞാനും മാദ്രിയും കാലൻ മുതൽ അശ്വിനിദേവതകൾ വരെ വൈവിധ്യ പുരുഷത്വങ്ങളുമായി ആസ്വാദനരതിയും ഗർഭധാരണവുമായി ആർമാദിച്ചു. മൂകസാക്ഷിയായിരുന്ന പാണ്ഡു പക്ഷേ, ഉറങ്ങാതെ എല്ലാം കണ്ടു, പക്ഷേ, രതി പങ്കാളിയാവാൻ ശ്രമിച്ചപ്പോൾ ശാപം ഫലിച്ചു മരിച്ചു. മാദ്രി, പാണ്ഡുവിന്റെ ചിതയിൽ സ്വയം ചാടി എന്ന് ഞാനും, അല്ല അവളെ തള്ളിയിട്ടു എന്ന് കൗരവരും കരുതി. അഭയാർഥികളായി ഹസ്തിനപുരിയിൽ എത്തിയപ്പോൾ, അത്ഭുതം, ആ പഴയ അന്ധൻ ചെങ്കോൽ പിടിക്കുന്നു. ഗാന്ധാരി ശിരോവസ്ത്രം പോലെ കണ്ണ് കെട്ടി നടക്കുന്നു. ഈ നാട്യവേദിയിൽ ഞാനും മക്കളും ജീവിതം തേടണം."

"ഞങ്ങൾ ബഹളം വച്ച് ഇടപെടാതെ തന്നെ നിങ്ങൾ കഥപറച്ചിൽ നിർത്തിയതിന നന്ദി", ദുശ്ശള അപ്രിയം മറച്ചു വയ്ക്കാതെ പറഞ്ഞു. സ്വയം ഇകഴ്ത്തിയും ചരിത്രവസ്തുതകളെ മലിനപ്പെടുത്തിയും ഒരാരോപിതക്കാവുന്ന രീതിയിൽ കുരുവംശത്തിലെ ഖേദകരമായ സംഭവങ്ങൾ വെട്ടിപ്പൊളിച്ചും കുന്തി പറഞ്ഞതിൽ കാര്യമുണ്ടോ എന്നല്ല കൊട്ടാരം ലേഖികക്ക് തോന്നിയത്, നീരസമാണ്. കുന്തിക്ക് വേണ്ടത് ദുശ്ശളയെ അവഹേളിക്കണം ഈ വിചാരണ വിദ്വേഷപ്രേരിതമെന്ന ഒച്ചവക്കണം. "ആരോപിതകുന്തിക്ക് സ്വയം പ്രതിരോധിക്കാൻ അവസരം കൊടുക്കാത്ത ബോധ ധാരയായിരുന്ന ന്യായാധിപദുശ്ശളയുടെ കുറ്റപത്രിക എന്നൊന്നും ഇനി 'ഹസ്തിനപുരി പത്രിക'യിൽ കൊട്ടാരം ലേഖിക എഴുതുകയില്ല എന്ന് കരുതാം. കരുതട്ടെ? കിട്ടിയ സമ്മാനം ഒരുമിച്ച് വീതിച്ചെടുക്കുക എന്നാണോ നിങ്ങൾ പതിവായി മക്കളോട്ട് പറയുക? അതോ രാത്രി ഉണ്ണാൻ ചമ്രം പടിഞ്ഞു നിലത്തിരിക്കുന്ന മക്കളഞ്ചുപേർക്കും ഇരന്ന കിട്ടിയ അന്നം നിങ്ങൾ കൈ കൊണ്ട് വിളമ്പിക്കൊടുക്കലാണോ രീതി?", ദുശ്ശള ചോദിച്ചു. അവഹേളനപരമായ നോട്ടവും മൂളലും ആംഗ്യവും കൊണ്ട് ദുശ്ശള ഒരു നിമിഷം വെറും പറുക്കപ്പെട്ട കാഴ്ചവസ്തുവായി. പണിപ്പെട്ടു കൊട്ടാരം ലേഖിക മുഖം താഴ്ത്തി.

"ഞാൻ പറഞ്ഞു എന്ന് നിങ്ങൾ പറഞ്ഞുണ്ടാക്കുന്ന ചില വാക്കുകളിൽ കയറിപ്പിടിച്ചു കുറച്ചു നേരമായി എന്നെ നിങ്ങൾ തിരിച്ചും മറിച്ചും കടയുന്നു. പാഞ്ചാലരാജധാനിയിലെ മത്സരപന്തലിൽ പോയ ബ്രാഹ്മണവേഷധാരി പാണ്ഡവർക്കെന്തു സമ്മാനം കിട്ടാനാണ്, ഒരു നേരത്തെ ഭക്ഷണവും നാണയവും അല്ലാതെ? പട്ടിണി കിടന്നും അവമതി സഹിച്ചും ഭാവിയെപറ്റി ഒരു പ്രതീക്ഷയുമില്ലാത്ത വിധവ മടുപ്പോടെ എന്തോ മകനോട് പറഞ്ഞു എന്നൂഹിച്ചാൽ തീരില്ലേ നിങ്ങളുടെ നിലക്കാത്ത ഈ കുറ്റപത്രിക. അഞ്ചു ആൺമക്കൾ ഊഴം വച്ച് പാഞ്ചാലിയുടെ കൂടെ കിടക്കണം എന്ന് സ്ഥിര ബുദ്ധിയുള്ള ഒരമ്മ പറയുമോ. അഞ്ചുപേരും വേറെ വേറെ വിവാഹം കഴിച്ചാൽ അതിലൊന്നെങ്കിലും ഈ തള്ളക്ക ചാവാൻ കിടക്കുമ്പോൾ കൂട്ടുണ്ടാവും എന്നല്ലേ അനാഥകൾ കരുതുക. എന്റെ 'പിഴച്ച്' വാക്കുകൾ പൊന്നുംവിലക്കെടുത്ത മൂത്ത മകൻ, എന്താ സ്വന്തമായി ഒരു പെണ്ണിനെ കണ്ടെത്താൻ മാത്രം കൊള്ളരുതാത്തവനാണോ? പാണ്ഡവർ അഞ്ചുപേരുടെ ആസ്വാദനരതിക്ക ഇത്രനാൾ വഴങ്ങിക്കൊടുത്തിട്ടും രണ്ടു കൂട്ടരുടെയും ആരോഗ്യം മെച്ചപ്പെട്ടിട്ടല്ലേ ഉള്ളൂ. ഹസ്തിനപുരിയിലെ കുലീനസ്ത്രീകൾ അവളുടെ ചുറ്റും ആരാധനയോടെ നിന്ന് സൗന്ദര്യപരിചരണത്തിൽ ഉപദേശം തേടുന്നത് നിങ്ങൾ കണ്ടിട്ടുള്ളതല്ലേ. പെറ്റതള്ളയുടെ വാക്കുകൾ തള്ളിക്കളയാതെ ഒരലംഘനീയ ആജ്ഞ എന്ന നിലയിൽ മക്കൾ ആരെങ്കിലും സ്വാർത്ഥതക്കു വേണ്ടി ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ അവരെ കൊണ്ടുവന്ന നിങ്ങൾ ചോദ്യം ചെയ്യൂ. വിധവയെ വഴിനീളെ കൂക്കി വിളിക്കുന്നതാണോ വനിതാവകാശ സുരക്ഷാ സമിതിയുടെ വിനോദം?"

"നിങ്ങളുടെ മൂത്ത മകൻ യുധിഷ്ഠിരൻ വിവേകമുള്ള ആളാണെന്ന പ്രചരിക്കപ്പെടുന്നുണ്ട്. നിഷേധിക്കുന്നില്ല. അയാളുടെ സാക്ഷരതയെ കുറിച്ച് സംശയങ്ങൾ ഉണ്ടെങ്കിലും, വാമൊഴിയിൽ മായം ചേർക്കാറില്ല എന്നും ഭീഷ്മരും വിദുരരും കൗരവരെ ബോധ്യപ്പെടുത്താറുണ്ട്. അയാളുടെ "സമ്മാന" ചോദ്യം എങ്ങനെ തെറ്റിദ്ധാരണാജനകമാവും. ഓടിക്കിതച്ചു കൊണ്ടയാൾ കുടിലിൽ ഏകനായി ഇരച്ചു കയറി. വാസ്തവത്തിൽ ആ സമയത്തായാൾ അങ്ങനെ ചെയ്യാൻ പാടില്ല. പരിണയ ഭൂമികയിൽ പാഞ്ചാലരുമൊത്ത് മംഗല്യകർമ്മം പൂർത്തിയാക്കാൻ നകുലനെ വിട്ടു കുന്തിയെ കൊണ്ടുവരാൻ ഏർപ്പാട് ചെയ്യുകയാണ് അയാൾ ചെയ്യേണ്ടത്. ഒറ്റക്കോടി വന്ന അമ്മാ സമ്മാനം കിട്ടി എന്ന് പറയുന്നത് ഇളമുറ പാണ്ഡവൻ സഹദേവനല്ല മുതിർന്ന പാണ്ഡവൻ വിവേക യുധിഷ്ഠിരനാണ്. "അമ്മ വേഗം കുളിച്ചൊരുങ്ങി കൂടെ വരൂ അർജ്ജുനന്റെ മംഗലം ഇന്നാണ്" എന്ന് ഉത്തരവാദിത്വത്തോടെ തിരക്ക് കൂട്ടേണ്ടതിന പകരം സമ്മാനപ്പൊതിയുടെ കാര്യം പറയുമെന്ന് വേണോ നാം വിചാരിക്കാൻ. വരൻ അർജ്ജുനന്റെ രക്ഷാകർത്താവല്ലേ, അയാൾ അനുജന്റെ ഭാര്യയുടെ പായിൽ കിടക്കാൻ തെറ്റിധാരണ പരത്തുമോ. പന്തികേടുള്ള ആ വാക്കുകളിൽ നിങ്ങൾ വിരസത മാത്രം കണ്ടതിൽ അല്ലേ പന്തികേട്?", ദുശ്ശളയുടെ വാക്കുകൾ ആ സാഹചര്യത്തെ കുന്തമുനയിൽ നിർത്തി.

"ജഡം ചിതയിലേക്കെടുത്തിട്ടില്ല, അതിനുമുമ്പ് പൂച്ചൂടി സുന്ദരിയായി സതിയനുഷ്ഠിക്കാൻ തയ്യാറായല്ലോ!", കൊട്ടാരം ലേഖിക മാദ്രിയോട്ട് ചോദിച്ചു.

"കുന്തി നിർബന്ധിച്ചതു കൊണ്ട് പാണ്ഡുചിതയിൽ ഞാൻ സതി അനുഷ്ഠിക്കയാണെന്ന മുൻവിധിയുണ്ടെങ്കിൽ ഇതാ: ചിതയിലല്ല, കാട്ടുതീയിലാണ് ഈ ജന്മം ഒതുക്കുന്നത്. പ്രകൃതിയോടുള്ള പ്രതിഷേധമാണ്, പാണ്ഡുവിശ്വസ്തതയോ, ആചാരങ്ങളോട്ട അനുസരണയോ കുന്തിയോട്ട കീഴടങ്ങലോ അല്ല. എന്നോടുള്ള അതൃപ്തിയാണ് കാര്യം. ഭർത്താവു പാണ്ഡുവിന് കായികക്ഷമതയില്ലാത്തതുകൊണ്ട് ആദ്യഭാര്യ കുന്തി എങ്ങനെയൊക്കെ പ്രലോഭനങ്ങളിലൂടെ പരപുരുഷന്മാരെ ആനന്ദിപ്പിച്ച മൂന്നു കുട്ടികളെ നേടിയതെന്ന് ഞാൻ കേട്ടിരുന്നു. എനിക്കും വേണ്ടിവന്ന സന്ധ്യക്ക് പൂച്ചൂടി പുറത്തുപോയി ആണിനെ തേടാൻ. അഭിമാനം അടിയറവു വച്ചുനേടിയ രണ്ടു കുട്ടികളെയും, കുന്തിയുടെ മൂന്നുമക്കളെയും കൂട്ടി അഭയാർഥികളായി ഹസ്തിനപുരിയിൽ ചെല്ലാൻ ആവില്ലെനിക്കെന്ന ഉത്തമബോധ്യത്തിലാണ് വധുവിനെ പോലെ വേഷം കെട്ടി അണിഞ്ഞൊരുങ്ങി കാട്ടുതീയിൽ ഞാൻ ജീവനൊടുക്കുക!"

"കുത്തുവാക്ക് നിങ്ങൾക്കും പറയാനാവുമെന്ന ഇളമുറ 'മാദ്രിക്കുട്ടികൾ' പരിഭവിക്കാറുണ്ട്. ദുരനുഭവം പങ്കിട്ടുകൂടെ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു. വനവാസക്കാല അടിമപർവ്വം.

"കുടിലിരിക്കുന്ന മൊട്ടക്കുന്നിൽ നിന്ന് കുത്തനെ ഇറക്കത്തിലൂടെ ഞങ്ങൾ പുലർച്ചക്കും സന്ധ്യയിലും ജലാശയത്തിലേക്കു പോവുന്നതൊക്കെ നിങ്ങൾ കാണുന്നതല്ലേ. രണ്ടുദിവസം മുമ്പ് വഴിയോര മരക്കൊമ്പിൽ നിന്നൊരു മലമ്പാമ്പ് എന്റെ തോളിൽ വീണ ഉടൽ ചുറ്റി വരിഞ്ഞപ്പോൾ, ഞെട്ടലോടെയുള്ള എന്റെ ആദ്യ പ്രതികരണം നിലവിളിയായി. ആവുന്നതു ഞാനതിന്റെ കുരുക്കഴിച്ചു ആഞ്ഞെറിഞ്ഞതൊക്കെ നകുലൻവഴി അറിഞ്ഞ പാഞ്ചാലി പറഞ്ഞു, ഇങ്ങനെയായാണെങ്കിൽ യുദ്ധഭൂമിയിൽ എതിർ വശത്തു നിന്ന് കർണ്ണൻ അയക്കുന്ന നാഗാസ്ത്രങ്ങളും ആഗ്നേയാസ്ത്രങ്ങളും ഏറ്റാൽ, വായിട്ടടിച്ചു നിലവിളിച്ചു പാണ്ഡവ സൈന്യത്തിന്റെ മാനം കെടുത്തുമല്ലോ." അതുകേട്ടപ്പോൾ മറ്റു പാണ്ഡവർ എന്നെ തുറിച്ചു നോക്കുന്നതിനിടക്ക് ജാള്യതയോടെ, "നിന്റെ ഭാവന എത്രക്രൂരം പാഞ്ചാലീ" എന്ന മാത്രമേ എനിക്ക് പ്രതികരിക്കാനായുള്ളൂ. ഉള്ളിൽ ഉള്ളത് എങ്ങനെ ഞാൻ മറ്റുള്ളവരോട്ട് വെളിപ്പെടുത്തും?, "അതു കൊണ്ടല്ലേ സത്യം നാവിലുള്ളവൻ എന്ന് ജനം എനിക്ക് ബഹുമതി തന്നത്?"

◇ 2025/08/02 ◇

“പാണ്ഡവരുടെ പിതൃത്വത്തെ മലിനപ്പെടുത്തുകയാണോ?” ദുരഭിമാനത്തിന മുഖത്ത് കൊണ്ടുവരാനാവുന്ന മുറിപ്പെട്ട വികാരത്തോടെ കുന്തി ചോദിച്ചു. ദുശ്ശളയെ നോക്കിയില്ല, സഭയെ. എന്നാൽ സഭ ദുശ്ശളയുടെ മറുപടിക്കായി കാത്തു.

“കാലൻ, വായു, ഇന്ദ്രൻ, അശ്വിനി ദേവതകൾ എന്നൊക്കെ ആവർത്തിച്ചു നിങ്ങൾ കുറച്ചകാലമായി കൗരവരെ പേടിപ്പിക്കുന്നു. ഭീമൻ ആരുടെ മകനാണ്, കാലൻ ആരുടെ അച്ഛനാണ് എന്നൊന്നും നിശ്ചയമില്ലാത്തവരിൽ കൗരവർ ചിലരുണ്ട്. സംശയം വെറുതെയല്ല. കൗരവർക്കമ്മയും അച്ഛനും ഓരോന്ന്. കുന്തിയും മാദ്രിയും കളിച്ച ശ്രദ്ധമായി ഉച്ചരിച്ച മന്ത്രം കേട്ട് മയങ്ങി മേഘമാലകളിലൂടെ ഊർന്നിറങ്ങി വനാശ്രമത്തിൽ ആരോരുമറിയാതെ കയറി പാണ്ഡുവിനെ അഭിവാദ്യം ചെയ്ത് നേരിട്ട് വിഷയത്തിലേക്കു ആകാശചാരികൾ പ്രവേശിച്ചു എന്നാണോ വായിച്ചെടുക്കേണ്ടത്, അതോ, സാധാരണ ഹസ്തിനപുരി മനുഷ്യരെ പോലെ ചൂരും ചൂടുമുള്ള മനുഷ്യർ മാത്രമോ പാണ്ഡവ പിതൃക്കൾ?”, ദുശ്ശള സഭയെ നോക്കി ഒരു സാധാരണ പൗരയെ പോലെ സംശയിച്ചു.

“പെണ്ണവകാശങ്ങളെ പറ്റി ആരെങ്കിലും പറഞ്ഞു തന്നിട്ടാണോ നിങ്ങൾ കിടപ്പറയിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഭർത്താവിനെ മൂലയിൽ കിടത്തി പരപുരുഷന്മാരുമായി ഇണ ചേർന്ന് മക്കളെ ഉണ്ടാക്കിയത്. കിടക്കാൻ കൊല്ലങ്ങളായി നിങ്ങൾ പൊടി തട്ടി വിരിച്ചുകൊടുത്ത പായയും ഉടുതുണിയും ഓർമ്മച്ചെപ്പുമൊക്കെ ചിതയിൽ എറിഞ്ഞു തോളിൽ ചുമക്കേണ്ട ഭാരം കുറച്ചു. പാടുപെട്ട കൗരവ ഭൂമികയിൽ പതറാതെ മക്കളെ വളർത്തി. പാണ്ഡുവിന്റെ മഹാറാണിയിൽ നിന്ന് ജീവിതാവസ്ഥ ഭിക്ഷക്കാരിയിലേക്കു മാറിയിട്ടും പാണ്ഡവർക്ക് വേണ്ടപ്പെട്ട അമ്മയായി. ബൗദ്ധികസമൃദ്ധി ഇല്ലെങ്കിലും മക്കൾ അഞ്ചുപേരെയും പാഞ്ചാലിക്കു ഇഷ്ടദാനമായി സമ്മാനിച്ചു. അതിനു പറ്റിയ കഥ മെനഞ്ഞു ജനങ്ങളെ ബോധ്യപ്പെടുത്താനൊരുങ്ങി. ഇനിയുമുണ്ടാവും സ്വാതന്ത്ര്യ പ്രഖ്യാപനത്തിനു ഇതിഹാസ മുഹൂർത്തങ്ങൾ. ഇനിയുമുണ്ടാവും പാഞ്ചാലിക്കു പറയാൻ പ്രതികൂലജീവിത സാഹചര്യങ്ങൾ. നിങ്ങൾ ശ്രദ്ധിച്ചുവോ, പെരുമഴ നിന്ന് മാനം തെളിഞ്ഞു. പ്രാതൽ കഴിച്ച ഓർമ തന്നെ പോയി. ഉച്ചഭക്ഷണത്തിനു നേരമായി. ഇനി ഈ സഭയിലെ പെൺശക്തി പ്രവാഹം കൊട്ടാരം ഊട്ടുപുരയിലേക്കു തിരിയട്ടെ. രണ്ടായി തിരിയണം, കാളയിറച്ചി പൊരിച്ചതും ഗോതമ്പ് ഭക്ഷണവും ഒരു വശത്തു, മറുവശത്തു തൈരും അരി ഭക്ഷണവും.” “അപ്പോൾ കിടപ്പറയിലേക്ക് അഞ്ചു സഹോദരന്മാരെ ഏകപക്ഷീയമായി തള്ളിയിട്ടു പാഞ്ചാലിയുടെ ദാമ്പത്യം ഭീതിതമാക്കിയ ഭർത്തൃമാതാവ് കുന്തിയെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന കുരുവംശത്തിന്റെ പെൺലിംഗനീതി ഉറപ്പാക്കാനുള്ള ദുശ്ശളയുടെ നിശ്ചയദാർഢ്യം?” കൊട്ടാരം ലേഖിക ചൂണ്ടുവിരൽ ഉയർത്തി.

“വിചാരണ കഴിഞ്ഞില്ല, വാദം തുടരും” പുറത്തെ വെയിൽ വീണ കൊട്ടാര ഉദ്യാനത്തിൽ അപ്പോഴും ഒഴുകിയിരുന്ന നിർച്ചാലിലേക്കു ദുശ്ശള കൗതുകത്തോടെ നോക്കി ആഡംബര ശരീരഭാഷയോടെ വേദിയിൽ നിന്നിറങ്ങി. പാഞ്ചാലിയും കുന്തിയും അവരവരുടെ മുഖം തെളിച്ചിരുന്ന കൂറ്റൻ നിലവിളക്കുകളിലെ തിരികൾ ഊതിക്കെടുത്തി.

“കാട്ടുതീയിൽ മരിച്ച മുൻ മഹാറാണി ഗാന്ധാരിക്ക് അനുസ്മരണം ചെയ്യാൻകൂടിയ കൗരവരാജ വിധവകളുടെ കുടുംബയോഗത്തിൽ സംബന്ധിക്കാതെ, മൂന്നു കൗന്തേയർ വിട്ടു നിന്നപ്പോൾ, നകുലൻ പങ്കെടുത്തല്ലോ. എന്തായിരുന്നു നിങ്ങളുടെ ‘ഇരട്ടസഹോദര’ന്റെ ഗാന്ധാരിയോർമ്മ?”, കൊട്ടാരം ലേഖിക ഇളമുറ സഹദേവനോട് ചോദിച്ചു. പാണ്ഡവകാല ഹസ്തിനപുരി.

“മാദ്രിയെ പാണ്ഡുചിതയിൽ ‘എറിഞ്ഞപ്പോൾ’ തോന്നിയ അതേ വേദന, കാട്ടു കുടിലിൽ ഗാന്ധാരി വെന്തുമരിച്ചപ്പോൾ തോന്നി” എന്ന ഖേദ പ്രകടനത്തിൽ ഒതുങ്ങി നകുലപ്രസ്താവന. അതിൽ ‘ഒളിഞ്ഞു’കിടപ്പുണ്ട് കൗന്തേയരഹസ്യം! അളുഹിച്ചതു കൊണ്ടായിരിക്കാം യുധിഷ്ഠിരനും മറ്റു രണ്ടു മുതിർന്ന കൗന്തേയരും വിട്ടുനിന്നത്. കൂടുതൽ പറഞ്ഞാൽ കുടുംബരഹസ്യം വെളിപ്പെടുത്തിയോനീ, എന്ന് മനഃസാക്ഷി മുറുമുറുക്കും!

◇ 2025/08/03 ◇

“സീതയ്ക്ക് സുരക്ഷയായി ലക്ഷ്മണനെ ആശ്രമത്തിൽ കാവൽ നിർത്തി, ത്രേതായുഗരാമൻ ഒറ്റക്കല്ലേ വേട്ടയാടി, മൂന്നുപേരും രാത്രി ഇറച്ചിച്ചട്ടുതിന്ന വിശപ്പടക്കിയത്. ധീരോദാത്തന്മാരായ നിങ്ങൾ പാണ്ഡവർക്കെന്തിനു പിന്നെയൊരു വ്യാജനിർമ്മിതി അക്ഷയപാത്രം? മേലനങ്ങിക്കുടെ ഊഴം വച്ച്, പല്ല് മുറിയെ മൂന്നുനേരം തിന്നാൻ?”, ഉപചാരസന്ദർശനത്തിനു സമീപ ആശ്രമത്തിൽ നിന്ന് വന്ന പുരുസന്യസ്ഥൻ യുധിഷ്ഠിരനോട് ആദ്യ സന്ദർശനക്കാരുടെ അവകാശമായ സൗഹാർദ്ധതയോടെ.

“ജഡങ്ങൾ കൈയും കാലും ചിതറി കിടക്കുന്ന കുരുക്ഷേത്രത്തിൽ, നിങ്ങൾ കൊട്ടാരത്തിലെന്ന പോലെ കണ്ണുംകെട്ടി നടന്നാൽ എങ്ങനെ നൂറു മക്കളെ തിരിച്ചറിയും? കൺകെട്ടഴിച്ചു പ്രകൃതിദത്ത കാഴ്ച തിരിച്ചെടുത്തുകൂടെ”, കൊട്ടാരം ലേഖിക ഗാന്ധാരിയോട് ചോദിച്ചു. പത്തൊമ്പതാംദിവസം.

“കുഞ്ഞുനാൾ മുതൽ മുലപ്പാൽ കൊടുത്തു പരിചരിച്ചതല്ലേ! കാഴ്ച ഇല്ലെങ്കിലെന്ത്? കൗരവജഡം, മണം വഴി തിരിച്ചറിയില്ലേ, പെറ്റതള്ള! നവജാത ശിശുവിനെ പുഴയിൽ ഒഴുക്കിയ കുന്തി, മൂത്തമകനെ തിരിച്ചറിയാൻ ആവാതെ, ‘കർണ്ണാ കർണ്ണാ’ എന്നു വിലപിക്കുന്നതു കേൾക്കുന്നില്ലേ, അതാണ് കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്ന മാതാവിന്റെ മഹനീയത! അതാ എന്റെ അറുപത്തിമൂന്നാമത്തെ മകൻ രണ്ടാമത്തെ മകനൊപ്പം നിത്യനിദ്രയിൽ”, മൃതശരീരങ്ങൾക്കു മുമ്പിൽ ഗാന്ധാരി മുട്ടുകുത്തി. പാണ്ഡവ നകുലൻ മുന വച്ച, ചെരിഞ്ഞ നോട്ടത്തോടെ കൊട്ടാരം ലേഖികയുടെ ശ്രദ്ധ ആകർഷിച്ചു.

“പൊതുവേദിയിൽ പ്രസംഗിക്കുന്ന പുത്രരാജാവു യുധിഷ്ഠിരൻ വിതുമ്പി മുഖംതാഴ്ത്തുന്ന കണ്ണ് തുടക്കുന്ന ശബ്ദം ഇടറുന്ന, എന്ത് പറ്റി ഈ ‘കാലന്റെ മക’നെ ഇങ്ങനെ കരയിപ്പിക്കാൻ മാത്രം?”, യുദ്ധകാര്യലേഖകൻ പിൻവരിയിൽ അലസമായി കിടന്ന കൂട്ടുകാരിയോട് അത്ഭുതപ്പെട്ടു.

“സ്വാഭാവിക കാരണത്താൽ വീട്ടിൽ മരണം സംഭവിച്ചവരുടെ ഭാര്യമാർ യഥാർത്ഥ കുരുക്ഷേത്ര വിധവകൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായം വ്യാജ സത്യവാങ്മൂലങ്ങൾ നൽകി തട്ടിയെടുക്കുന്ന എന്നറിഞ്ഞ, സത്യസന്ധനായ ഭരണാധികാരിയുടെ മനോവേദന, വേറൊന്നുമല്ല”, കൊട്ടാരം ലേഖിക പുഞ്ചിരിച്ചു.

“അന്ത്യാഭിലാഷങ്ങൾ ഉണ്ടോ, തിരുഹൃദയത്തിൽ?”, കൊട്ടാരം ലേഖിക പാഞ്ചാലിയുടെ ഇടനെഞ്ചിൽ കൈവച്ചു. പാണ്ഡവ ഭരണത്തിന്റെ അവസാന വർഷം. കിരീടാവകാശി പരീക്ഷിത്ത് കൊട്ടാരവിപ്ലവത്തിനായി പാണ്ഡവരെ പിളർത്താൻ ശ്രമിക്കുന്ന സംഘർഷകാലം.

“ദശാബ്ദങ്ങൾ അല്ലലില്ലാതെ കഴിഞ്ഞു എന്നാണോ സങ്കല്പം! പരീക്ഷിത്തിനെ പട്ടാഭിഷേകം ചെയ്യിക്കണം. സൂതിനാശം സംഭവിച്ച യുധിഷ്ഠിരനുൾപ്പെടെ രോഗാതുര പാണ്ഡവരെ മഹാപ്രസ്ഥാനത്തിൽ അയക്കുന്ന നിർണ്ണായക ദൗത്യവും പൂർത്തിയാക്കാനുണ്ട്. സത്യവതിയുടെ അധികാരവഴിയിൽ ഞാൻ, രാജമാതാപദവി തുടരണമെന്നും, മഹാറാണിപദവി ഭാര്യക്ക് കൊടുക്കാതെ പരീക്ഷിത്ത് ഒഴിച്ചിടുമെന്നും, വാക്കു തന്നിട്ടുണ്ട്. സ്വതന്ത്ര ജീവിതമാണ് പകൽകിനാവ് കാണുക. അതിനൊക്കെ ശേഷം പ്രകൃതിക്കു കീഴടങ്ങിയ ഉടൽ, പൊതുദർശനത്തിനു അന്ത്യോപചാര മർപ്പിക്കുന്നതും, ഗംഗ തീരത്തൊരുക്കിയ ചിതയിൽ ചാരമായി മാറുന്നതും വിശുദ്ധ കിനാവിന്റെ കാരുണ്യങ്ങളാണ്.”

◇ 2025/08/04 ◇

“സ്വത്തുതർക്കം തീർക്കാൻ തുടങ്ങിവച്ച പതിനെട്ടുനാൾ പോരാട്ടം നിർണ്ണായകഘട്ടത്തിൽ. പാണ്ഡവരഞ്ചു പേരിൽ ആരെയും നിങ്ങൾ ചൂണ്ടിക്കാണിക്കാം, ആയുധവും തരാം, എന്നു യുധിഷ്ഠിരൻ അവസരം കൊടുത്തപ്പോൾ, ഞെട്ടിയോ ഇളമുറ നകുലനും സഹദേവനും?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഞെടുക യുധിഷ്ഠിരനല്ലേ? പ്രായക്കൂടുതൽ പരിഗണിച്ചു കൗരവ പാണ്ഡവതർക്കത്തിൽ ധാർമ്മികമേൽക്കൈ പ്രതീക്ഷിച്ച യുധിഷ്ഠിരൻ, പക്ഷേ, കഴിഞ്ഞ പതിനെട്ടു ദിവസവും പോർക്കളത്തിൽ ദുര്യോധനനെ കാണുമ്പോൾ വാളോങ്ങുന്നതിനു പകരം ഭാവുകങ്ങൾ നേരുകയായിരുന്നല്ലോ. അഞ്ചുപാണ്ഡവരിൽ ആർക്കും “കൊലചെയ്യാനുള്ള ക്ഷുദ്ര ജീവിമാത്രമാണ് നീ” എന്ന് ദുര്യോധനനെ നോക്കി യുധിഷ്ഠിരൻ പ്രഖ്യാപിച്ചത് മാദ്രിപുത്രന്മാർ വിറക്കുമോ എന്നു വിചാരിച്ചല്ല, ‘ഇതിഹാസ’മാവാനുള്ള നിയോഗം! ദുര്യോധനപ്പോൾ വിരൽ ചൂണ്ടി, എനിക്കു പറ്റിയശത്രു, ഭീമൻ, ഭീമൻ മാത്രം! പലതും ഞങ്ങൾ ഭീമനെ കരുവാക്കി മുൻകൂർ ചെയ്ത എന്നതാണ് ദുര്യോധനവധത്തിന്റെ മാധുര്യം”. വിജയോന്മാദത്തിൽ നകുലൻ കാഹളം മുഴക്കി പാണ്ഡവ പദയാത്രയിൽ ചേർന്നു.

“കുരുടു ബുദ്ധിയില്ലാത്ത ഏക കൗരവൻ, അങ്ങനെയാണ് നിങ്ങൾ അറിയപ്പെടുന്നത്. ചൂതാട്ട സഭയിൽ നിശബ്ദ സാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടിരുന്നു. മുതിർന്ന ഒന്നു രണ്ടു കുറുക്കൻകൗരവർ നേരിടുന്ന വസ്ത്രാക്ഷേപ ആരോപണത്തിൽ വസ്തുതയുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സഭയിൽ മൗനം അസഹനീയമായതു ആണ് ചൂരു കൊണ്ടായിരുന്നില്ലേ? ജാലകങ്ങൾ അടച്ചു മണിക്കൂറുകളായി ഉടലിൽ രക്തസമ്മർദം ഉയർന്നുന്ന കള്ളച്ചൂതാട്ടത്തിൽ വിയർത്ത ആണുങ്ങൾ കൂടിച്ചേർന്നിരുന്നാൽ നിങ്ങൾക്കു ഹിക്കാം അന്തരീക്ഷ മലിനീകരണം! ശ്വാസം മുട്ടുമ്പോഴായിരുന്നു ജാലകങ്ങൾ വാരിവലിച്ചു തുറന്നു, ശീതക്കാറ്റു വീശിയ പോലെ ഞങ്ങളൊക്കെ സ്തംഭിച്ചു പോയ ഒരുകമനീയ കാഴ്ച കണ്ടത്. ഉടലഴക് പ്രദർശിപ്പിക്കുന്ന പാഞ്ചാലിയുടെ പ്രത്യക്ഷത്തോടെ സൂക്ഷ്മതലത്തിൽ നമ്മെ ഹർഷോന്മാദത്തിൽ എത്തിക്കുന്ന ഒരസാധാരണ പരിമളവും തണുപ്പിൽ കലർന്നു. സഭാതലത്തിലപ്പോൾ ഉയർന്നത് സദാചാര ചിന്തയല്ല! എന്നുവേണം തുടർനടപടി ശ്രദ്ധിച്ചവർ അനുമാനിക്കാൻ.”

“എന്തുണ്ട് പോരാട്ടനേട്ടം?” കൊട്ടാരം ലേഖിക പുതിയ രാജാവ് യുധിഷ്ഠിരനോട് ചോദിച്ചു. അഭിഷിക്തനായ ശേഷം, അനുമോദനങ്ങൾ തുറന്ന വേദിയിൽ സ്വീകരിക്കുകയായിരുന്ന രാജാവ്. “കൗരവ വംശഹത്യ, എന്റെ നേതൃത്വത്തിൽ, ഏറിയും കുറഞ്ഞും പൂർണ്ണം. മറ്റു നാലു പാണ്ഡവർക്ക് ഞാൻ വീതിക്കുന്ന, നാടിന്റെ നാലതിരുകൾക്കകത്ത് നിന്നും പതിനെട്ടു നാൾക്കുള്ളിൽ അതിദാരിദ്രമുക്തി”. രാജാവ് അടുത്ത സന്ദർശകനിലേക്ക് നോട്ടം എറിഞ്ഞു.

“ദീർഘകാല ദാമ്പത്യ അവഗണനക്കെതിരെ പരസ്യമായി ആഞ്ഞടിക്കാൻ, യുധിഷ്ഠിരന്റെ ആദ്യ ഔദ്യോഗിക ഭാര്യ ഇതാ, ദുര്യോധനവിധവയുമായി കൈകോർക്കുന്നു. ഇന്ന് മുതൽ വേദി പങ്കിട്ട്, ചെലവിനു തരാത്ത ഭർത്താവിനെ പൊതു വ്യവഹാര മണ്ഡലത്തിൽ അവമതിക്കും എന്നാണു പ്രതിജ്ഞ”, കൊട്ടാരം ലേഖിക കൈചലിപ്പിച്ചു.

“പാഞ്ചാലിക്കു ഇളമുറ നകുലനോടുള്ള പക്ഷപാത പൂർണമായ ദാമ്പത്യ പരിഗണനയിൽ മനംനൊന്ത വയോധിക രാജാവ് യുധിഷ്ഠിരൻ, ദുര്യോധനവിധവയുടെ മകളെ ഔദ്യോഗികവധു ആക്കാൻ തീരുമാനിച്ചു കഴിഞ്ഞു. മഹാറാണിപദവിയിൽ നിന്ന് മാറ്റി, പാഞ്ചാലിയുടെ ഗർവൊന്നൊതുക്കിയേ യുധിഷ്ഠിരൻ അടങ്ങൂ. അതോടെ കൗരവരാജ വിധവകൾ അവരുടെ പഴയ രാജമന്ദിരങ്ങളിൽ മടങ്ങി എത്തും.”

◇ 2025/08/05 ◇

“യുദ്ധദൃശ്യങ്ങൾ തടസമില്ലാതെ കാണുന്നുണ്ടല്ലോ. രാജാവിനെ പൊടിപ്പും തൊങ്ങലും ക്കൂടാതെ അറിയിക്കുന്നുണ്ടെന്നും കരുതട്ടെ? നേരിട്ടു വന്ന ഇടനിലക്കാരില്ലാതെ ചോദിച്ചു വിവരമറിയാൻ വ്യാസൻ പ്രത്യേകം പറഞ്ഞുവിട്ടതാണ്”, ധൃതരഷ്ട്രരുടെ കാഴ്ചസഹായി സഞ്ജയനോട് ഉപചാരപൂർവ്വം യുവസന്യസ്തൻ ചോദിച്ചു.

“പോർക്കള ദൃശ്യങ്ങളുടെ തത്സമയ ലഭ്യതയെ തുരങ്കം വക്കുന്ന സംശയവും ആദ്യമായി തോന്നി. അഭിമന്യുവധം ധൃതരാഷ്ട്രർ ആസ്വദിച്ചുകാണാൻ തുടങ്ങിയിരുന്നു, മറ്റു കാഴ്ചയിലൊരു വിരസത തോന്നിയനേരം. തുടക്കം മുതൽ അഭിമന്യുവധം കാണണമെന്നായിരുന്ന ധൃതരാഷ്ട്രമോഹം. ദുശ്ശാസനന്റെ മക്കളെ അഭിമന്യു തലക്കടിച്ചു കൊല്ലുന്നതൊക്കെ കണ്ടു എനിക്ക് വല്ലാതെ തോന്നിയപ്പോൾ, മരണവിവരം രാജാവിൽ നിന്നും ഞാൻ മറച്ചുവച്ചു. രഥം തകർന്ന അഭിമന്യു തെറിച്ചുവീണപ്പോൾ ദുര്യോധനൻ കൗമാര പോരാളിക്കു നേരെ വാളോങ്ങുന്ന സ്തോഭജനകരംഗമുണ്ടല്ലോ അതെത്തി. അതാ ഇടവേള! ഞാനാകെ വശം കെട്ടു. ‘ചക്രവ്യൂഹത്തിലെ അർജ്ജുനപുത്രന്റെ കഥ തീർന്നില്ലേ തീർന്നില്ലേ സഞ്ജയാ?’ എന്ന് രാജാവക്ഷമനാവുമ്പോൾ ഞാൻ നിസ്സഹായനായി. നിങ്ങൾക്കും ഉണ്ടായോ ഇടപെടൽ? ഇങ്ങനെ ആവുമോ വരാനിരിക്കുന്ന താരയുദ്ധങ്ങളും?”

◇ 2025/08/06 ◇

“അധികാര ദുർവിനിയോഗത്തിന്റെ ചാട്ട! അപ്പൊൾ തുടങ്ങിയോ, പാണ്ഡവർ ദ്രോഹം?”, കൊട്ടാരം ലേഖിക, കൗരവ രാജ്യവിധവയോടു സഖ്യപ്പെട്ടു. യുദ്ധാനന്തര ഹസ്തിനപുരി.

“അങ്ങനെ വേണ്ടേ കൂട്ടി വായിക്കാൻ? ദുര്യോധനവധു വായി ഞാനിവിടെ വന്നനാൾ, ധൃതരാഷ്ട്രർ, തന്ന രത്ന മാല തിരിച്ചു ചോദിച്ച മഹാരാജാവ് യുധിഷ്ഠിരന്റെ മര്യാദകേട് ഞാൻ മാറ്റി വെക്കുന്നു. നേരിട്ട് പോയി കാര്യാലയ ചുമതല വഹിക്കുന്ന ഭീമനെ വിവാദമാല ഏൽപ്പിച്ചു. കുരുവംശനായകൻ ശന്തനു, പുത്രവധു അംബികക്ക് നൽകിയ മാല പൈതൃക സ്വത്തായിരിക്കാം, വെള്ളാരംകല്ലും വൈരവും തിരിച്ചറിയാത്ത ഭീമൻ, അന്വേഷണത്തിന് ഉത്തരവിട്ടത് കുടിയൊഴിപ്പിച്ചതിനേക്കാൾ എന്നെ വേദനിപ്പിച്ചു” അവൾ വിതുമ്പി. പാണ്ഡവചാരൻ നകുലൻ ദുസ്സംശയത്തിൽ കൊട്ടാരലേഖികയെ നിരീക്ഷിച്ചു.

“ഉന്നതാധികാര സമിതിയിൽ അധ്യക്ഷനു തൊട്ടു താഴെ വരേണ്ടത് ഭീമനല്ലേ? പിന്നെ ആരുടെ ഇടപെടൽ കൊണ്ടാണയാളെ ഒഴിവാക്കിയത്? തുടങ്ങിയോ മൂപ്പിളമ പ്രശ്നം, പാണ്ഡവരിലും?” കൊട്ടാരം ലേഖിക ചോദിച്ചു.

“പലതും കൂട്ടിവായിക്കേണ്ടെ രാജ്യതന്ത്രത്തിൽ! ഈ കോലാഹലമൊക്കെ എത്ര ലളിതം! വകുപ്പ് മേധാവിയെന്ന നിലയിൽ ഭീമൻ വേഷംമാറി ഗ്രാമാന്തരങ്ങളിൽ താമസിച്ചു, ബാഹ്യശക്തികൾ നുഴഞ്ഞു കയറുന്നതു ചെറുക്കാനുള്ള പ്രതിരോധദൗത്യമല്ലേ ഏറ്റെടുത്തത്? സമിതി യോഗങ്ങളിൽ എങ്ങനെ പങ്കെടുക്കും എന്ന ചോദ്യം വന്നത് അയാളിൽ നിന്ന് തന്നെ. പകരം പാഞ്ചാലിയുടെ നാമനിർദേശം വന്നതും ഭീമനിൽ നിന്ന്. എല്ലാം കൊണ്ടും ഭീമന്റെ ആശീർവാദത്തോടെ പുനഃ സംഘടിപ്പിച്ച ഉന്നതാധികാര സമിതിയുടെ ഉള്ളടക്കത്തെ കുറിച്ച് കുതിരപ്പന്തികളിൽ കേൾക്കുന്ന ബഹളമൂല്യം നോക്കിയാൽ, കുതിരച്ചാണകത്തിൽ കുറഞ്ഞ ഒന്നുമല്ലെന്ന് പത്രപ്രവർത്തകർ തിരിച്ചറിയേണ്ടേ? കാലമെത്രയായി കുനഷ്ടചോദ്യവുമായി അധികാരയിടങ്ങളിൽ നിങ്ങൾ കയറിയിറങ്ങുന്നു!”

◇ 2025/08/07 ◇

“അധികാര ദുർവിനിയോഗത്തിന്റെ ചാട്ട! അല്ലേ! അപ്പൊൾ തുടങ്ങിയോ, പാണ്ഡവർ, ദ്രോഹം?”, കൊട്ടാരം ലേഖിക, കൗരവ രാജവിധവയോടു സഖ്യപ്പെട്ടു. യുദ്ധാനന്തര ഹസ്തിനപുരി.

“അങ്ങനെ വേണ്ടേ വായിക്കാൻ? ദുര്യോധന വധുവായി ഞാനിവിടെ വന്ന കാലം. ധൃതരാഷ്ട്രർ എനിക്ക് സമ്മാനിച്ചനവരത്നമാല, നിർലജ്ജം തിരിച്ചുചോദിച്ച മഹാരാജാവ് യുധിഷ്ഠിരന്റെ മര്യാദകേട് ഞാൻ മാറ്റി വെക്കുന്നു. നേരിട്ട് പോയി ഞങ്ങൾ രാജാവിന്റെ കാര്യാലയ ചുമതല വഹിക്കുന്ന ഭീമനെ വിവാദമാല ഏൽപ്പിച്ചു. കുരുവംശനായകൻ ശന്തനു, പുത്രവധു അംബികക്ക് നൽകിയ മാല പൈതൃകസ്വത്തായിരിക്കാം, എന്നാൽ വെള്ളാരംകല്ലും വൈരവും തിരിച്ചറിയാത്ത ഭീമൻ, അന്വേഷണത്തിന് ഉത്തരവിട്ടത്, ഞങ്ങളെ കുടിയൊഴിപ്പിച്ചതിനേക്കാൾ വേദനിപ്പിച്ചു” അവൾ വിതുമ്പി. പാണ്ഡവചാരൻ നകുലൻ ദുസ്സംശയത്തിൽ കൊട്ടാരം ലേഖികയെ നിരീക്ഷിച്ചു.

◇ 2025/08/08 ◇

“ചെറുപ്പക്കാരെ ഒന്നും കിട്ടിയില്ലേ, സേനാപതിവേഷം കെട്ടാൻ?”, കൊട്ടാരം ലേഖിക ദുര്യോധനനോടു ചോദിച്ചു കുരുക്ഷേത്ര. പിതാമഹൻ പോർക്കളത്തിൽ യുവസൈനികർക്കു മുമ്പിൽ പതറുന്ന കാഴ്ച അവൾ കൗതുകത്തോടെ നോക്കി. “തലമുറകൾ തമ്മിൽ ഐക്യം ഉറപ്പിക്കേണ്ടെ? അല്ലെങ്കിൽ, പാണ്ഡവർ പിതാമഹനെ കൊത്തിക്കൊണ്ടു പോവില്ലേ. നാമമാത്രമായി ഇങ്ങനെ സേനാപതിവേഷമണിഞ്ഞു നടക്കട്ടെ. ആദ്യ ദിവസങ്ങളിൽ തന്നെ അഞ്ചു പാണ്ഡവതലകൾ ഉരുളുന്നില്ല എങ്കിൽ, എന്റെ മട്ടും ഭാഷയും മാറും. ഇപ്പൊൾ തന്നെ ഭീഷ്മവിരോധി കർണ്ണൻ ഇടഞ്ഞു മാറി നിൽക്കുകയാണ്. യുദ്ധം ജയിക്കട്ടെ, കൂടെ നിൽക്കാതെ കുറുമ്പു കാണിക്കുന്ന ചിലരെ അഹിംസാത്മകായി തന്നേ കൈകാര്യം ചെയ്യാനുണ്ട്.”

◇ 2025/08/09 ◇

“യുധിഷ്ഠിര വാമൊഴി ചിലർ, നിങ്ങളുൾപ്പെടെ, നിസ്സാര വൽക്കരിക്കുന്ന ണ്ടല്ലോ. വ്യക്തിപരമായ ദുരനുഭവങ്ങളാലാണോ നിങ്ങളും ദൂഷിക്കുന്നത്?”, കൊട്ടാരം ലേഖിക, പാഞ്ചാലിയോട് ചോദിച്ചു.

“ഉച്ചരിക്കുന്ന വാക്കിലല്ല, മറ്റുള്ളർവർക്കു വേണ്ടി ചെയ്യുന്ന പ്രവൃത്തിയിലാണ് ഒരാൾ സത്യവാനാവേണ്ടത് എന്നാവർത്തിക്കുമ്പോഴും, ആ വെറുംവാക്കിൽ പോലും സത്യം പുലർത്താനാവാതെ അവൻ കിടപ്പറയിൽ കിടന്നു കിതക്കുന്നത് ഞാൻ പല കുറി കണ്ടിട്ടുണ്ട്. നിങ്ങൾ തൊലിപ്പുറമേ കാണുന്ന ഒരു സുന്ദരരൂപൻ ‘ധർമ്മപുത്രർ’ ഉണ്ടല്ലോ, അത് മിത്താണെന്നൊന്നും ഞാൻ സ്ഥാപിച്ചെടുക്കാൻ ഇപ്പോളും ശ്രമിക്കുന്നില്ല. എന്നാൽ വ്യാസൻ മഹാഭാരതം എഴുതുമ്പോൾ, സാത്വികഭാവവും സംഭാഷണമികവും കണ്ട ആൾ ധർമ്മിഷ്ഠൻ എന്ന മിഥ്യാധാരണയിൽ പതിക്കരുത് എന്നെനിക്കു നേരിയ താൽപ്പര്യമുണ്ട്. കാരണം, എന്റെ നീണ്ടകാല കർത്തവ്യം അയാളോടല്ല, ഭാവി ഇരകളായ നിങ്ങളെ പോലുള്ളവരോടാണ്!”

“പ്രിയം നിങ്ങളോടാണ് കൂടുതൽ എന്നുണ്ടോ?”, മറ്റു ഭർത്താക്കന്മാർ മൂഗയാവിനോദത്തിനു പോയനേരം. ഊഞ്ഞാൽ ആടുന്ന പാഞ്ചാലിക്ക് തുണയായ നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പാണ്ഡവരെ പല തട്ടകളിൽ പരസ്പരം പ്രതിയോഗികളാക്കാൻ, പ്രലോഭനസ്വരത്തിൽ ഇടക്കൊന്നു അടിവയറിൽ ഉഴിയുന്നതാണോ പ്രണയം എന്ന്, പാവം, നിങ്ങൾ മുഖവിലക്കെടുത്തത്?”

“സുഖവാസത്തിനെന്ന പോലെയാണല്ലോ, അടിമജീവിതം നയിക്കാൻ കാട്ടിലേക്ക് പോവുന്നത്. ധാർമ്മികരോഷമൊന്നും തോന്നുന്നില്ലേ, കളിയിൽ കബളിക്കപ്പെട്ട തോർത്താൽ? രാജസൂയ ചക്രവർത്തിയുടെ അഭിമാനബോധം ഇത്ര ശ്ലഷ്ണമോ, എന്നാണു ചാർവാകൻ പരിഹസിച്ചത്”, കൊട്ടാരം ലേഖിക, ആറംഗ പാണ്ഡവ സംഘത്തിനു മുമ്പിൽ നഗ്നപാദനായി നടന്ന യുധിഷ്ഠിരനോട് ചോദിച്ചു.

“മനസ്സിനെ അലട്ടുന്ന ആഘാതം ഉണ്ടാവുന്നവർക്കു ആ നിമിഷത്തിനു തൊട്ടുമുമ്പുള്ള ഏതാനും മണിക്കൂറുകളിലെ കാര്യങ്ങളെ കുറിച്ച് ഓർമ്മ നഷ്ടപ്പെടാവുന്നതാണെന്ന മനഃശാസ്ത്ര ഉൾക്കാഴ്ച തക്ഷശില വിദ്യാർത്ഥി ആയിരുന്ന നിങ്ങൾക്കു ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ വെറുതെ മോഹിക്കുകയാണോ? കാലക്രമേണ സ്ഥിതിയിൽ മാറ്റമുണ്ടായാൽ, എല്ലാം ഓർമ്മയിൽ തിരിച്ചു കൊണ്ടു വരാനും, സഭാപർവ്വ ആഖ്യാനം പുനർ നിർമ്മിക്കാനും ആവുമെന്നാണ് പ്രതീക്ഷ. വനവാസത്തിനെത്തിയാൽ പാഞ്ചാലിയും പാണ്ഡവരും തീവ്രപരിചരണത്തിലൂടെ ഈ ആഘാതഘട്ടം തരണം ചെയ്യാൻ തക്ക സാന്ത്വനം തരുന്നതിൽ വീഴ്ച കാണിക്കില്ലെന്നാണ് ന്യായമായും വിചാരിക്കുക. അതുവരെ, കള്ളച്ചൂതും, കൗരവരാൽ കബളിക്കപ്പെടലും, രാജനഷ്ടവും, വസ്ത്രാക്ഷേപവും നിങ്ങൾ പൊലിപ്പിച്ച പരാജയകഥ എനിക്കു ചുറ്റും പണിയുന്നതിൽ നിന്നും പിൻവലിയണം.”

“എന്തു പറഞ്ഞാണ് കുന്തി, നിങ്ങളുടെ സേവനം മറ്റു നാലു പാണ്ഡവർക്ക് നേടിയത്?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അർജ്ജുനനു താഴെ രണ്ട് കുട്ടികൾ, തീരെ രതിപരിചയം ഇല്ലാതെ ഉണ്ടല്ലോ, അവരെ ഒന്നു നീ ഏറ്റെടുക്കണം, ഒപ്പം വരൻ അർജ്ജുനന്റെ മേലേയുള്ള രണ്ടു പേരും, അവരുടെ ദാമ്പത്യം പൂവണിഞ്ഞില്ല. അവരും നിന്റെ കിടപ്പറയിൽ കരുണ തേടുന്നു. ഭൃത്യന്മാരായും കളിക്കൂട്ടു ആയും അവരെ നീ കരുതാം. ഞാൻ നിനക്കവരെ അങ്ങോട്ട് വിട്ട് തരും, എന്നും പറഞ്ഞു കുന്തി ഹസ്തിനപുരി യാത്ര ഏർപ്പാട് ചെയ്യട്ടെ എന്നു പറഞ്ഞു ഇടം വിട്ടും മുൻപ്, അഞ്ചുപേരും അതാ കിടപ്പറയിൽ നഴഞ്ഞു കയറി!”

മുന്നറിയിപ്പില്ലാതെ യുധിഷ്ഠിരൻ, ആ വൈകിയ രാത്രി, ഊട്ടുപുരയിൽ കയറിച്ചെന്നപ്പോൾ, നാലു സഹോദരന്മാരും നിലത്തു ചമ്രം പടിഞ്ഞിരുന്നു ഒരു കാളക്കുട്ടിയുടെ ഇറച്ചി നീക്കിയ തുടയെല്ലിനായി പരസ്പരം മല്ലടിക്കുന്നു. ചുണ്ടും പല്ലും പൊട്ടി ചോരയൊഴുകുന്നു. നിർത്തു എന്ന് യുധിഷ്ഠിരൻ ഗർജിച്ചപ്പോൾ, ഭീമൻ പൊട്ടിക്കരഞ്ഞു കാലിൽ വീണു. എൺപത് കഴിഞ്ഞ വൃദ്ധഭീമനായിരുന്നില്ല അപ്പോൾ, വിശപ്പ് സഹിക്കാതെ വിലപിക്കുന്ന കുട്ടിഭീമനായിരുന്നു. അവർ കൊന്നുതൊലിയുരിച്ച കാളക്കുട്ടിയുടെ ഇറച്ചി വരട്ടിയത് ഒരു മണിക്കൂർ മുമ്പ് വയർ നിറയെ കഴിച്ച മഹാരാജ യുധിഷ്ഠിരനു അറിയാമായിരുന്നുവോ, യുദ്ധാനന്തര ഹസ്തിനപുരിയുടെ പട്ടിണി, ഒരെല്ലിൻ കഷണത്തിനായി സഹോദരരുടെ വയറ്റുപിഴപ്പ്.

“ചെങ്കോൽ അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിനു നാം കൈമാറുക, ആരും കാണാതെ വഴിയിൽ കുഴഞ്ഞു വീണ കഥ തീരാൻ ഇന്ന് തന്നെ പടിയിറങ്ങുക നാം മുഴുനീള പരാജിത പാണ്ഡവർ”, പിടിച്ചു നില്ക്കാൻ പോലും വയ്യാതെ അവശനായിരുന്ന അർജുനൻ, എന്നിട്ടും വിരൽ ചൂണ്ടി നാല് പേരോടും ആജ്ഞാപിച്ചു.

◇ 2025/08/10 ◇

“ആവശ്യത്തിനും അനാവശ്യത്തിനും അഞ്ച് മടിയന്മാർക്കു വെട്ടിവിഴുങ്ങാൻ വലിയ അക്ഷയപാത്രം. തീൻമുറിയിൽ പുകയില്ല, തീയില്ല, രാവിലെ കോരാൻ അടുപ്പിൽ ചാരമില്ല, വനാന്തരത്തിൽ ഒരല്ലലുമില്ലാത സുഖജീവിതം, അല്ലെ”, കൊട്ടാരം ലേഖിക ഊട്ടുപുര നോക്കി വിസ്മയിച്ചു.

“പറഞ്ഞുവന്നാൽ ആശ്രമത്തിലാണ് നിങ്ങൾ ആറു പേരും ഇനി പന്ത്രണ്ടു കൊല്ലത്തേക്ക് ജീവിതം, പക്ഷേ, ആശ്രമമൃഗങ്ങൾ, മാൻ, മുയൽ ഒന്നും മുറ്റത്ത് കാണുന്നമില്ല” കൊട്ടാരം ലേഖിക പുരികം ചുളിച്ചു.

“ഞാനില്ലേ”, ബലിമൃഗത്തെ പോലെ പാഞ്ചാലി കനിഞ്ഞു ഇരു കൈകൾ നീട്ടി “പട്ടിണിയിടാനും ഭാരം ചുമക്കാനും അഞ്ചു കാളകൂറ്റൻമാർക്ക് തോന്നുമ്പോൾ തോന്നുമ്പോൾ കീഴ്പ്പെടുത്താനും”

“യുധിഷ്ഠിരൻ എന്തൊക്കെ ചെവിയിൽ മന്ത്രിക്കും പാഞ്ചാലിയോട് ഇഷ്ടം കൂടാൻ”, കൊട്ടാരം ലേഖിക ‘പൊള്ളുന്ന ഇടത്തിൽ’ ഒന്ന് വിരലമർത്തി നോക്കി.

“മറ്റു നാലു പേരെ കുറിച്ച് ഓരോന്ന് വിസ്തരിച്ചു ചോദിക്കും. അവർക്ക് പ്രണയസല്ലാപത്തിൽ മികവു കുറവാണ് എന്ന് തെളിയിക്കുന്ന ദുരനുഭവങ്ങൾ ഞാൻ ആവർത്തിച്ചു സാക്ഷ്യപ്പെടുത്തണം.” വിരലുകൾ നർത്തകിയെ പോലെ പാഞ്ചാലി ഭാവസാന്ദ്രമാക്കി “ഇതെന്താ കണങ്കാലിൽ തങ്കവള, തുണിയഴിക്കുമ്പോൾ കൌരവർ ഇത് കൂടി അഴിച്ചെടുത്തില്ലേ “കൊട്ടാരം ലേഖിക പാഞ്ചാലിയുടെ നഗ്നമായ കാലിലേക്ക് തുറിച്ചു നോക്കി. “വസ്ത്രാക്ഷേപം കഴിഞ്ഞ ഉടൻ, സംഘം ചേർന്ന് കാലിൽ അവർ അണിയിച്ചു.. ഞാനിപ്പോൾ അവരുടെ നിരീക്ഷണവലയത്തിലാണ്. എന്ന് പറഞ്ഞാൽ ഇരുപത്തിനാലുമണിക്കൂറും ദൂരെ ദൂരെ ഹസ്തിനപുരി കൊട്ടാരത്തിലെ ഭ്രൂഗർഭ അറയിൽ ഇരുന്നു എന്നെ കൌരവർ ആസ്വദിക്കുന്നു”, പാഞ്ചാലിയുടെ പുഞ്ചിരി ഒരു വിലാപം പോലെ ആശ്രമത്തിൽ നിറഞ്ഞു.

“കേട്ടപ്പോൾ ഞെട്ടി എന്ന് ഞങ്ങൾ പത്രപ്രവർത്തകർ പറഞ്ഞുകൂടല്ലോ, വനവാസത്തിനു വല്ക്കലം ധരിച്ചു പടിയിറങ്ങുമ്പോൾ നിങ്ങൾ നൂറു കൌരവരേയും ഒന്നൊന്നായി കണ്ടു യാത്ര ചോദിച്ചു എന്ന വാർത്ത അടിസ്ഥാന രഹിതമാണോ” കൊട്ടാരം ലേഖിക കിതപ്പോടെ ചോദിച്ചു.

“അടിസ്ഥാനത്തിന് എന്താ കുഴപ്പം, അവരെല്ലാം എന്റെ ആരാധകരല്ലേ” പാഞ്ചാലി ജാലകത്തിലൂടെ വിദൂരതയിലേക്ക് നോക്കി.

◇ 2025/08/11 ◇

“സ്വയംവരത്തിനുമുമ്പ് അനുരാഗ ബന്ധങ്ങൾ?”, അർജ്ജുനൻ പ്രകടമായ നീരസത്തോടെ പഞ്ചാലിയോടു് ചോദിച്ചു. മറ്റു നാലു പാണ്ഡവർ അവളെ ഉറ്റു നോക്കി. “ഉണ്ടാവാതെ വരില്ലല്ലോ, ഉടലഴകുള്ള ഒരു സ്ത്രീക്കു്! അതിന്റെ കാലവും പട്ടികയും ഒന്നും ഇനി ചോദിക്കരുതു്”, പാഞ്ചാലി അതിഥി മന്ദിരത്തിലെ സ്വീകരണമുറിയിൽ ആരാധകർ വരുന്നതും കാത്തു തിരുവസ്ത്രം ധരിക്കുകയായിരുന്നു.

“വനാശ്രമത്തിൽ, തൊഴിൽരഹിതരായ ആണുങ്ങൾക്കൊപ്പം ഒറ്റമുറിയിൽ കഴിയുമ്പോൾ, വിരസത മാറ്റാൻ ദൂരെ ദൂരെ ഒരു പൊന്മാൻ പ്രലോഭിപ്പിക്കുന്ന പോലെ സങ്കൽപ്പിക്കാറുണ്ടോ” കൊട്ടാരം ലേഖിക പാഞ്ചാലിയോടു് ചോദിച്ചു.

“സംശയരോഗികളായ അഞ്ചു ആജാനബാഹുക്കൾ മാറിമാറി എന്റെ വഴിയിൽ ലക്ഷ്മണരേഖ വരക്കുമ്പോഴോ?”

“കൗരവ അടിമകൾ എന്ന നിലയിൽ, പരിമിതി ഉണ്ടെങ്കിലും, മൊത്തം വനജീവിതം ആസ്വാദ്യകരമായിരുന്നോ?”, കൊട്ടാരം ലേഖിക അഞ്ചു പേരോടും ഒരുമിച്ചു ചോദിച്ചു. ഭാഗ്യം, അവസാനദിന മാലിന്യനീക്കത്തിന് പാഞ്ചാലി ആശ്രമങ്ങളിലേക്ക് പോയ നേരം.

“കഴിഞ്ഞു പോയ വ്യാഴവട്ടക്കാലം, വിശപ്പെന്തെന്നറിയാതെ വനാന്തരത്തിൽ കഴിഞ്ഞു. എപ്പോൾ കയ്യിട്ടു വാരിയാലും കിട്ടുമായിരുന്നു, അക്ഷയ പാത്രത്തിൽ, സ്വാദും ചൂടുമുള്ള അപ്പം. ഞങ്ങൾ അഞ്ചു സഹോദരരും ആസ്വദിച്ചു. ഒന്നേ ഞങ്ങളുടെ ആർമാദത്തെ ആലോസരപ്പെടുത്തിയുള്ളു. അതിഥിബന്ധിത ഭക്ഷ്യലഭ്യതയെ കുറിച്ചുള്ള നിബന്ധനയനുസരിച്ച അത്താഴപ്പട്ടിണിയുമായി ഉറക്കമില്ലാതെ, എതോ വിശിഷ്ടഅതിഥിയെ കാത്തു ജാലകത്തിന്നരികെ തല ചായ്ച്ചിരിക്കുന്ന പാഞ്ചാലി.”

◇ 2025/08/12 ◇

“പടിയിറങ്ങാൻ നേരം പഞ്ചപാണ്ഡവർ നഗ്നപാദരാവുമ്പോൾ, പരിത്യാഗിയായി, നിങ്ങളും പടിയിറങ്ങുന്നുവോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

“അവർ പടിയിറങ്ങുന്നതിന്റെ കാര്യം അവരോട്ട് ചോദിക്കണം, എന്റെ ലക്ഷ്യം, അതു വേറെ!”

“നമ്മൊളൊക്കെ ദൈവദത്തമായ ഒരു അധികാരത്തുടർച്ചയുടെ അവസാനത്തെ കണ്ണികളല്ലേ. ശന്തനുവിന്റെ മക്കൾ പലരുടെയും പിതൃത്വം, ആകാശദേവതകളുടെ ബീജസൗമനസ്യത്താൽ സംഭവിച്ചത് എങ്കിൽ, ഔദ്യോഗിക കുരുവംശ അംഗീകാരത്തിന് അർഹർ. നാം വിഘടിച്ചു നിന്നാൽ ദേവകൾ നമ്മുടെ സന്തതി പരമ്പരകളോട്ട് ദ്വേഷ്യപ്പെട്ടാൽ? നാം ഒന്നിക്കണം, കൗരവരും പാണ്ഡവരും ഒരു കുരുവംശ കുടക്കീഴിൽ!” ധൃതരാഷ്ട്രർ രാജസഭയിൽ പ്രഖ്യാപിച്ചു.

“നല്ല ബന്ധത്തിന് വഴിയൊരുക്കാൻ കുരുവംശത്തിന്റെ ഇളകുന്നതും ഇളകാത്തതുമായ ആസ്തികൾ പട്ടികയെടുത്തു രണ്ടായി വേർതിരിച്ചു ഭാഗിക്കണം. അപ്പോൾ മുഖത്തു പ്രസന്നത വരും, വാക്കിൽ മധുരവും” യുധിഷ്ഠിരൻ അങ്ങനെ പറഞ്ഞതോടെ യോഗം പിരിഞ്ഞതായി ധൃതരാഷ്ട്രർ.

“രാഷ്ട്രതന്ത്രത്തിലെ ബാലപാഠങ്ങൾക്കായി കുരുക്ഷേത്രയിലെ ഭീഷ്മ ശരശയ്യയിൽ എത്തുമ്പോൾ, അവിടെ വരി നിന്ന സ്ത്രീകളുടെ നീണ്ട നിരകണ്ടു പുതിയ മഹാരാജാവു് യുധിഷ്ഠിരൻ ചാരവകുപ്പ മേധാവി നകുലനോട്ട്, ‘ഇവരൊക്കെ ആരാണ്” എന്ന് വിരൽ ഞൊടിഞ്ഞും മുഖം കറുപ്പിച്ചും ചോദിക്കുന്നത് നീ കണ്ടല്ലോ. കുറെ ദൂരെ ഭീമന്റെ കൂടെ ആയിരുന്നതുകൊണ്ട് എന്ത് മറുപടിയാണ് കിട്ടിയതെന്നറിയാൻ എനിക്കൊത്തില്ല.” ഹസ്തിനപുരി കൂട്ടുകാരിയുമൊത്തു തിരിച്ചുനടക്കുമ്പോൾ യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

“ഓ അതോ. യുദ്ധത്തിൽ ഭീഷ്മരുടെ മാരകായുധങ്ങളാൽ ജീവൻ നഷ്ടപ്പെട്ട പാണ്ഡവസൈനികരുടെ വിധവകൾ ആഗോള നിരായുധീകരണത്തിന്റെ അടിയന്തിര പ്രാധാന്യത്തെ കുറിച്ച് പിതാമാഹനുമായി ഒന്നും രണ്ടും പറയാൻ വന്നതാണ്. അനധികൃത ആൾക്കൂട്ടത്തെ അവിടെ അന്ന് അനുവദിച്ച എന്ന ആരോപണവുമായി പ്രവിശ്യാഭരണാധികാരിയെ പിടികൂടി ഉടനടി നകുലൻ ചോദ്യം ചെയ്യൽ തുടങ്ങി.”

“സുഖവാസത്തിനുപയോഗിച്ചിരുന്ന വാരണാവതം കൊട്ടാരം, കുന്തിക്കും കൗന്തേയർക്കും വിട്ടു കൊടുത്തത്, യുവരാജാ ദുര്യോധനന്റെ വിവേചനാധികാരത്തിൽ ആയിരുന്നല്ലോ. എന്നിട്ടും പാണ്ഡവർ, ആ വിശിഷ്ട സൗകര്യം ദുരുപയോഗം ചെയ്ത തീയിട്ടു നശിപ്പിച്ചു എന്നാണ് ഞെട്ടലോടെ പ്രാദേശിക ഭരണകൂടം മേലധികാരികളെ അറിയിച്ചത്. അത്താഴം ചോദിച്ചവന്ന ആറംഗ ആദിവാസി കുടുംബത്തെ കുന്തി, കടില പദ്ധതിയിൽ ഇരകളാക്കി. കുത്തിക്കരിഞ്ഞത് കുന്തിയും മക്കളുമാണെന്ന തെളിവുമുണ്ടാക്കി. അഗ്നിബാധ വിവാദമായിട്ടും, കുറ്റാന്വേഷണമില്ലാതെ കണ്ടപ്പോൾ, ചാർവാകൻ പരാതി കൊടുത്തു. അന്വേഷണത്തിന് മന്ത്രി വിദുരർ ഉത്തരവിടേണ്ടിവന്നു. പ്രതികൾ ഒളിവിൽ എന്ന മറുപടിയോടെ, അന്വേഷണവും നിലച്ചു. രാജദ്രോഹപ്രതികൾ ഒളിവിലായാൽ, അവരുടെ അഭാവത്തിലും ഹസ്തിനപുരി നീതിസംഹിത, വധശിക്ഷ വിധിക്കാമായിരുന്നു എന്ന് നിരീക്ഷിച്ചപ്പോൾ, അവരുടെ നേരെ കുരുവംശ ഭരണകൂടം കുതിര കയറുന്നു. കുന്തിക്ക് മാത്രമായുണ്ടോ ശിക്ഷാനിയമത്തിൽ ഇളവ്?”, കൊട്ടാരം ലേഖിക ചോദിച്ചു.

“മുൻരാജാവും മുൻരാജ്ഞിയും ശിക്ഷയിൽനിന്നും മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കപ്പെട്ടും എന്ന് നിയമ സംഹിതയിൽ എഴുതിവച്ചതു, ശന്തനുവല്ലേ? അല്ലെങ്കിൽ, ഭാര്യാഗംഗ, നവജാത ശിശുഹത്യകളുടെ പേരിൽ പ്രതിയാവുമായിരുന്നില്ലേ? ആ ഇളവ് മുൻമഹാറാണി കുന്തിക്ക് കിട്ടാതിരുന്നാൽ, നിങ്ങൾ പറയില്ലേ, കൗരവർ മുൻരാജാവിന്റെ വിധവ കുന്തിയെ, നിയമവിരുദ്ധമായി പീഡിപ്പിക്കുന്നു?”

◇ 2025/08/13 ◇

“പതിനെട്ട ദിവസംകൊണ്ട് മഹാഭാരതയുദ്ധം ഇടഞ്ഞു പിരിഞ്ഞ പോലെ തോന്നിയോ?” കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ച “ആർക്കറിയാം, വരും യുഗങ്ങളിൽ വർഷങ്ങൾ നീണ്ട നിൽക്കുന്ന യുദ്ധങ്ങൾ ഉണ്ടാവട്ടെ എന്ന് നാശം ആശംസിക്കാൻ ആവില്ലല്ലോ!” യുദ്ധക്കെടുതിയിൽ അവർ ഇരുവരും ഒരു നേരത്തെ ഊണിനായി ഊട്ടുപുരക്ക് മുമ്പിൽ വരി നിൽക്കുന്ന മദ്ധ്യാഹ്നം.

“ഹസ്തിനപുരി പത്രിക”യിൽ:

“പരിപൂർണ ബ്രഹ്മചര്യത്തിന്റെ കരുവംശ പ്രായോജകൻ, കുറച്ചു നാളായി ഊട്ടുപുരയിൽ ചെന്ന് വേഗം അത്താഴം കഴിച്ചു, അകമ്പടി ഒഴിവാക്കി കൃഷിക്കാരന്റെ ലളിത വേഷത്തിൽ, ഇരുട്ടിലേക്ക് നിത്യവും രാത്രി ഇറങ്ങിച്ചെല്ലുന്നത് ഹസ്തിനപുരി പൂക്കാര തെരുവിൽ ഇപ്പോൾ പാട്ടാണ്. കൊട്ടാര രഹസ്യങ്ങളുടെ കലവറ സൂക്ഷിപ്പുകാരനായ അഭിവന്ദ്യഭീഷ്മരെ രാഷ്ട്രീയപ്രതിയോഗികൾ ബന്ദിയാക്കി പിടിച്ചാൽ?”

“പുതിയ രാജാവ് പരീക്ഷിത്ത് നിങ്ങളെ കണ്ടിട്ടും, കണ്ടില്ലെന്ന മട്ടിൽ പോവുകയാണോ?”, ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു. “തലമുറ വിടവില്ലാത്ത സൗഹൃദകാലം ഞങ്ങൾക്കുണ്ടായിരുന്നു. മിണ്ടിയും പറഞ്ഞും. കൗരവ പാണ്ഡവയുദ്ധം എന്നൊക്കെ പറഞ്ഞു കായിക ബലവും പരീക്ഷിക്കും. അങ്ങനെ ഒരു രാവിലെ സന്ധനസ്സോടെ കൗതുകപ്പെട്ടിരിക്കുമ്പോൾ, വിരാട രാജകുമാരി ഉത്തര, വിരൽചൂണ്ടി എന്നോട് പറഞ്ഞു, “കീചകനെ പണ്ട് ഞെക്കിക്കൊന്ന പോലെ ഈ കുഞ്ഞിനെ നിങ്ങൾ പീഡിപ്പിക്കരുതേ? യുദ്ധഭൂമിയിൽ നിങ്ങളുടെയൊക്കെ ജീവൻ രക്ഷിക്കാൻ ചക്രവ്യൂഹത്തിൽ ബലി കൊടുത്ത അഭിമന്യുവിന്റെ മകനാണവൻ”. അതിനു ശേഷം പരീക്ഷിത്ത് എനിക്ക് കുരുവംശത്തിന്റെ കിരീടാവകാശി മാത്രമായി!” ഭീമശരീരം ശോഷിച്ചിരുന്നു. വിഷാദഭരിതമായ ശബ്ദത്തിൽ ഇടർച്ചയുണ്ടായിരുന്നു, പശ്ചാത്താപം പോലെ ശബ്ദം മൃദുവായിരുന്നു. മഹാപ്രസ്ഥാനം പാണ്ഡവർ പരിഗണിക്കുകയായിരുന്നു.

◇ 2025/08/14 ◇

“നിലവിളിച്ചുകൊണ്ട് എന്തിനാണ് ആട്ടിൻകുട്ടികൾക്ക് ഇലതിന്നാൻ കൊടുക്കുന്നത്?”, കൊട്ടാരം ലേഖിക ഹസ്തിനപുരി നഗരാതിർത്തിയിലെ ഗ്രാമത്തെരുവിൽ, കർഷക കുടിലിനു മുമ്പിൽ കൂട്ടം കൂടിനിന്ന സ്ത്രീകളോട് ചോദിച്ചു.

“അഞ്ചു കൊഴുത്ത ആട്ടിൻ കുട്ടികളെ കൊട്ടാരം ഊട്ടുപുരയിൽ ഞങ്ങൾ നേരിട്ട് എത്തിക്കണം. പാണ്ഡവ ‘പോക്കിരികൾ’ എണീറ്റ് വന്ന ഉടൻ, ഞങ്ങൾ വേണമത്രേ, പ്രിയ വളർത്തു മൃഗങ്ങളുടെ കഴുത്തറത്ത് കൊടുക്കാൻ! അക്ഷമയിൽ കാത്തു നില്ക്കും അഞ്ചു പേരും, ചൂട് ആട്ടിൻ ചോര മോന്താൻ.”

“ഉറങ്ങിക്കിടക്കുന്ന അഞ്ചു കൗമാരപോരാളികളെ, ഒരു പ്രകോപനവും ഇല്ലാതെ അവരുടെ കഴുത്തിൽ ചവുട്ടി നിങ്ങൾകൊന്നു? ഒരാളെ ചവിട്ടുമ്പോൾ അടുത്ത്കിടന്ന മറ്റനാലുപേർ ബഹളം കേട്ട് ഉണർന്നില്ലേ?”, അവസാനത്തെ ‘കൗരവസർവ സൈന്യാധിപതി’ എന്ന നാമമാത്ര പദവിയുണ്ടായിരുന്ന അശ്വത്ഥാമാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു. മഹാരോഗിയായി, ഗ്രാമാന്തരങ്ങളിൽ രാവുപകൽ അലയുന്ന ആ ‘ചിരഞ്ജീവി’യെ കണ്ടെത്താൻ പാടുപെടേണ്ടി വന്നു.

“ദ്രോണപുത്രനായ എനിക്ക് അഞ്ചുപേരെ അറുകൊല ചെയ്യാൻ ആൾസഹായം വേണോ? പാണ്ഡവരെ പോലെ ഭീരുക്കൾ അഞ്ചു പുത്രന്മാരും എന്റെ രാത്രി ജോലി എളുപ്പമാക്കി. കൂടാരത്തിൽ കയറി ആദ്യം കണ്ടവനെ കഴുത്തിൽ ചവിട്ടിയപ്പോൾ (ആയുധം കൊണ്ട് കഴുത്തറത്ത് കൊന്നാൽ അവർക്ക് സ്വർഗ്ഗരാജ്യ പ്രവേശനം എളുപ്പമാവും) മറ്റു നാല് പേരും ഉണർന്നു കാര്യം മനസ്സിലാക്കി ചുരുണ്ട് കിടന്നുറക്കം നടിച്ചു. ഒരാളെ കൊന്ന ക്ഷീണത്തിൽ ഞാൻ സ്ഥലം വിടുമെന്നൊ മറ്റോ കരുതിയ അഞ്ചുപേരെയും ‘ആസ്വദിച്ചു’ കൊന്നു! എങ്ങനെ തുടങ്ങിയ ഐതിഹാസിക യുദ്ധമായിരുന്നു! മരിച്ചത് പാണ്ഡവരല്ല പാഞ്ചാലിയുടെ മക്കളായിരുന്ന എന്നൊക്കെ അറിയുന്നത് എനിക്ക് ഈ ‘ശാപം’ വീണപ്പോൾ.”

“വഴിയമ്പലങ്ങളിൽ അന്തിയുറങ്ങാൻ മെനക്കെടാതെ, വലിഞ്ഞു നടന്നുവോ വനാന്തരത്തിലേക്ക്?”, കൊട്ടാരം ലേഖിക ചോദിച്ചു. കാട്ടുകുടിലിൽ ചുരുണ്ടുകൂടി, ധൃതരാഷ്ട്രർ ഗാന്ധാരി കുന്തി വിദുരർ.

“വൃദ്ധസദനത്തിലേക്കു ഗ്രാമത്തലവൻ കൊണ്ടുപോയി. തിരിച്ചറിഞ്ഞില്ലെന്ന വിശ്വാസത്തിൽ ഉറങ്ങാൻ കിടന്നു. പാതിരാ കഴിഞ്ഞപ്പോൾ, ‘പരികർമ്മി’ വിളിച്ചുണർത്തി. “മരണാസന്നരായ അന്തേവാസികൾക്ക് കൂട്ടിരിക്കാമോ?,” മറുത്തൊരുത്തരം പ്രതീക്ഷിക്കാത്തവിധം അങ്ങനെ ചോദിച്ചപ്പോൾ, ഞങ്ങൾ സമ്മതിച്ചു. മരണ വെപ്രാളത്തിലായിരുന്ന കിടപ്പു രോഗികൾ ഭീതിത പോർക്കളദൃശ്യങ്ങൾ സങ്കൽപ്പിച്ചുറക്കെ നിലവിളിക്കും, “യുവാക്കളായ മക്കളെ ദുര്യോധനൻ നിർബന്ധിത സൈനികസേവനത്തിൽ ഇരയാക്കുന്നു”. അവർക്ക് ഞങ്ങൾ കൂട്ടിരുന്നു. കഥ ‘കഴിഞ്ഞെ’ന്നറപ്പു തോന്നിയപ്പോൾ, കാട്ടുവഴിയിലേക്കു കയറി. കൂടുതലൊന്നും ചോദിക്കരുതേ, സംഭവബഹുലമായ ജീവിതത്തിൽ ഇതൊന്നും എതിർപാർത്തതല്ല”, സചിവോത്തമൻ ആയി പ്രകീർത്തിക്കപ്പെട്ട വിദുരർ കിതച്ചും ഭയന്നും, കൊട്ടാരം ലേഖികയെ നോക്കി അപരിചിത ഭാവത്തിൽ കൈകൂപ്പി.

“സ്വതന്ത്രയായി കാട്ടിൽ നടക്കുമ്പോൾ, ‘പൊന്മാൻ’ പ്രലോഭിപ്പിക്കുന്ന പോലെ തോന്നാറുണ്ടോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം. കാട്ടരുവികളുടെ ഇരമ്പൽ ഒഴികെ നിശബ്ദമായ താഴ്വര. “ഏതുനിമിഷവും” ‘ഉരുൾ പൊട്ടു’മെന്നു ‘ധീരോദാത്ത’ന്മാർ മാറിമാറി ‘ലക്ഷ്മണരേഖ’ വരക്കുമ്പോഴോ?”

“കൗരവരെല്ലാം കുരുക്ഷേത്രയിൽ കാലം ചെന്നശേഷം നിലവിൽവന്ന പുതു പാണ്ഡവഭരണകൂടത്തിലെ അരമനഊട്ടുപുര അന്നമൊട്ടുങ്ങാത്ത ‘പെരിയ’അക്ഷയപാത്രമല്ലേ? പാവപ്പെട്ടവനു കിട്ടേണ്ട സൗജന്യധാന്യം വരിനിന്നു വാങ്ങുകയോ മഹാറാണി?” കൊട്ടാരം ലേഖിക ചോദിച്ചു. ശിരസ്സും മുഖവും മറച്ച പാഞ്ചാലി ധാന്യവിതരണ കേന്ദ്രത്തിനു മുമ്പിൽ തിരിച്ചറിയപ്പെടാതെ ക്ഷമയോടെ കാത്തു നിൽക്കുന്ന മദ്ധ്യാഹ്നം.

“പദവി ഹസ്തിനപുരി റാണിയാണെങ്കിലും, വിധി കുരുക്ഷേത്ര വിധവയാണെങ്കിലും, സൗജന്യങ്ങൾക്കു യോഗ്യത ലഭിക്കുന്ന പൗരാവകാശം പൊതുവല്ലേ?”

◇ 2025/08/15 ◇

“യുദ്ധവിജയത്തിന്റെ ആദ്യവാർഷികം ആഘോഷിക്കുന്ന ഇന്നെന്തെങ്കിലും പുരോഗമനപ്രഖ്യാപനം പ്രതീക്ഷിക്കാമോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവരാജവിധവകൾ എന്ന സംജ്ഞ ഔദ്യോഗിക ഉപയോഗത്തിൽ നിന്ന് പിൻവലിച്ചിരിക്കുന്നു, എന്ന് പാണ്ഡവരാജകീയ മുദ്രയുള്ള അറിയിപ്പിൽ ഇതുവരെ കണ്ടില്ലേ?. നാല്പ്പത്തു ലക്ഷം സൈനികർ ഇരുവിഭാഗങ്ങളിലും മരിച്ച യുദ്ധത്തിൽ, ഈ വിഭാഗം അനർഹ സൌജന്യം തട്ടിയെടുക്കുന്നത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് നടപടി. നമ്മുടെ സ്വകാര്യ സംഭാഷണത്തിലും ഈ സംജ്ഞ ഇനി ഉപയോഗിക്കാൻ പാടുള്ളതല്ല”. വക്താവ് പറഞ്ഞു.

“അറിയാതെയെങ്കിലും ഉപയോഗിച്ചാൽ?” “ഒരു വിധവ കൂടി ഉടൻ.”

“ഭർത്താക്കന്മാർ കുരുക്ഷേത്രയിൽ കൊല്ലപ്പെട്ടതോടെ അന്തഃപുരത്തിൽ നിന്നും മിന്നലാക്രമണത്തിൽ കുടിയൊഴിപ്പിക്കപ്പെട്ട കൗരവരാജവിധവകളുടെ പുനരധിവാസത്തെക്കുറിച്ച മഹാരാജാ യുധിഷ്ഠിരന്റെ ‘കരുണരസം കര കവിയു’മ്പോൾ, അക്ഷോഭ്യനായി നിൽക്കുന്ന നകുലനെ സമ്മതിക്കണം! ഒരാൾക്കെങ്ങനെ അനീതിയോടു സന്ധിയിലെത്താൻ സാധിക്കുന്നു!”

“‘ഹസ്തിനപുരി പത്രിക’യുടെ ഇന്നത്തെ ചുവരെഴുത്തു പതിപ്പിൽ ചാർവാകൻ അങ്ങനെ എന്തോ എഴുതിയപ്പോൾ നോട്ടപ്പുള്ളിയായോ?”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോടു ചോദിച്ചു. “യുക്തിവാദി യുക്തിസഹമായി എന്താ സംസാരിക്കാത്തതു എന്നു വിവരമറിയാൻ ചോദിച്ചു, അതിൽ എന്താണ് വിവരാവകാശ പ്രശ്നം?”

◇ 2025/08/16 ◇

“പാഞ്ചാലിയുമായി കൂടിയാലോചിച്ചെടുത്തതല്ല, മറിച്ചു യുധിഷ്ഠിരന്റെ തീരുമാനമായിരുന്നുവോ വാനപ്രസ്ഥം? അതോ, കുതിരപ്പന്തി ചർച്ചയിൽ ഇപ്പോൾ കേട്ടപോലെ, ആത്മനിന്ദയാൽ വെളിപ്പെടുത്താനാവാത്ത വിധം അരമനപ്രകോപനം, അഭിമന്യുപുത്രനും കിരീടാവകാശിയുമായ പരീക്ഷിത്തിൽ നിന്നുണ്ടായോ?”, അധികാരത്തിന്റെ അകത്തളത്തിൽ നിന്ന് പുറത്തുചാടി വടക്കൻ മലകളിലേക്കു യാത്രയായ പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക, മുൻ ഔദ്യോഗിക വക്താവു നകുലനോട് ചോദിച്ചു.

“കൌരവരുടെ കിരാത ഭരണത്തിൽ നിന്ന് കുരുവംശത്തെ കുരുക്ഷേത്രയിലൂടെ രക്ഷിച്ച പാണ്ഡവരുടെ ഐതിഹാസിക യുദ്ധവിജയത്തിന്റെ മുപ്പത്തിആറാം വാർഷികം ആയിരുന്നല്ലോ ഇക്കഴിഞ്ഞ ദിവസം. ദേശീയസ്വാതന്ത്ര്യ ദിന ആഘോഷത്തിൽ പങ്കെടുക്കാൻ പക്ഷേ, കോട്ടമൈതാനയോഗത്തിൽ പങ്കെടുക്കാൻ വന്നത് അഞ്ചു വൃദ്ധപാണ്ഡവർ മാത്രം. ചെങ്കോലും തിരുവസ്ത്രവും, അക്ഷമനായ കിരീടാവകാശിക്കു ഉടനടി കൈമാറാൻ, കാലഘട്ടത്തിന്റെ നൊമ്പരപ്പെടുത്തുന്ന ഓർമ്മപ്പെടുത്തൽ കൂടിയായി, ലക്ഷണമൊത്ത കൊട്ടാര വിപ്ലവമൊന്നുമായിരുന്നില്ല, ഒരിറ്റ് രക്തച്ചൊരിച്ചിൽ പോലും ഇല്ലാത്ത, അധികാര കൈമാറ്റം മാത്രം!”

“യുവ, അവിവാഹിത കീചകൻ, പാഞ്ചാലിയോട് ഏകപക്ഷിയമായി പ്രണയാഭ്യർത്ഥന ചെയ്ത എന്ന അപവാദം തർക്കത്തിന് സമ്മതിച്ചാലും, പാതിരാ ആക്രമണത്തിലൂടെ കീഴ്പ്പെടുത്തി കഴുത്തു ഞെരിച്ചവനെ കൊലപ്പെടുത്താൻ മാത്രം ധാർമ്മിക അപരാധമാണോ അവനിൽക്കണ്ടത്? നഗ്നഅരക്കെട്ടിൽ, ‘വൃത്തികെട്ട കൈ’വച്ച ദ്രൗപദിയെ വിവസ്ത്രയാക്കിയ ദുശ്ശാസനൻ പോലും പോറലേൽക്കാതെ ചൂതാട്ട സഭയിൽ, വെല്ലുവിളി നേരിട്ട ഒരു ഭ്രതകാലം നിങ്ങൾക്കുണ്ട്!”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“സൈരന്ധ്രിയെന്നവിടെ അറിയപ്പെട്ട പാഞ്ചാലി, മദ്യവുമായി റാണി സുദേഷ്ണയുടെ ‘അനുഗ്രഹാശിസ്സു’കളോടെ, കീചകവസതിയിൽ ആസ്വാദനക്കുട്ട് കൊടുക്കുന്ന എന്നറിഞ്ഞപ്പോൾ, യുവസൈനിക മേധാവിയിൽ രഹസ്യമായി കാമനകാണുന്ന അവൾക്കും, അവൾക്കുമേൽ അമിതാധികാരം പ്രയോഗിക്കുന്ന അവനും നേരെ ഈ കൈതരിച്ചു. അരമന ഊട്ടുപുരയിൽ കാളക്കൂട്ടന്മാരെ മാംസപാചകം ചെയ്യുന്ന എന്നെ കുരുവാക്കി, വിരാട രാജാവ്, അധികാരഭീഷണി നേരിടാൻ നെയ്ത വധമായിരുന്നതെന്നു തിരിച്ചറിയാൻ വൈകി. നൃത്ത മണ്ഡപത്തിലെ രഹസ്യ മുറിയിൽ കാത്തു കിടക്കുന്നതു പാഞ്ചാലിയെന്ന മോഹത്തിൽ സുഗന്ധം പുരട്ടിയതുകൊണ്ട്, കീചകവധം രസകരമായി എന്നുമാത്രം ഈ ‘കൊലപ്പുള്ളി’, ഇപ്പോൾ ഓർക്കട്ടെ. ധാർമ്മിക നിയമവ്യവസ്ഥ പാലിക്കാനല്ലല്ലോ ഞങ്ങൾ ആകാശചാരികളുടെ മക്കളായി ഭൂമിയിൽ താരോദയം ചെയ്തത്. സാദാമനുഷ്യരായി ഈ വിധം ഞങ്ങളെ ചോദ്യം ചെയ്യരുത്!”

“കവചങ്ങൾ, ഉടലിൽ ചോര പൊടിയുന്ന വിധം വലിച്ചൂരി, ശത്രുചാരനു കൈമാറിയ കർണന്റെ നടപടി നിങ്ങൾ ചോദ്യം ചെയ്തത് മര്യാദയാണോ?” കൊട്ടാരം ലേഖിക ശല്യനോട് ചോദിച്ചു.

“കർണൻ ദാനശീലൻ ആണെന്നോ അല്ലെന്നോ എനിക്കറിയേണ്ട കാര്യമില്ല, അയാളുടെ സാരഥി എന്നത് എനിക്ക് ദുര്യോധനൻ തന്ന ശിക്ഷയാണ്, മേനി പറയാവുന്ന പദവിയല്ല, മൂന്നു, ഇന്ദ്രന് കവചം ഊരിക്കൊടുത്തിനു ‘ശിക്ഷ’ കുരുക്ഷേത്രത്തിൽ ഇന്ദ്രപുത്രൻ അർജ്ജുനൻ കർണനു കൊടുക്കുന്നത് നിങ്ങൾ കാണേണ്ടിവരും.” ചാട്ട കയ്യിലെടുത്തു വായുവിൽ അടിച്ചു ശല്യൻ കൈത്തരിപ്പ് മാറ്റുന്നതിനിടെ സംസാരിച്ചു.

◇ 2025/08/17 ◇

“പോരാട്ടത്തിലെ തൽക്കാല വിജയം നോക്കിയല്ല, പാടുപെട്ട് നേടിയ വിദൂരവിദ്യാഭ്യാസത്തിന്റെ പേരിലായിരിക്കും നിങ്ങൾ, നാളെ വിശ്വമെങ്ങും പ്രകീർത്തിക്കപ്പെടുക എന്ന് ചാർവാകൻ വിദൂരതയിലേക്ക് നോക്കി പ്രവചിക്കുന്നല്ലോ”, അംഗപരിമിതനായ നിഷാദ യുവാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“വിദൂരപഠനത്തിലൂടെ ആയുധാഭ്യാസം നേടി ‘അരങ്ങേറ്റം’ നടത്തി എങ്കിലും, ഗുണം പരീക്ഷിക്കാതെ, സംശയാസ്പദമായി ഗുരുദക്ഷിണ ചോദിച്ച വൃദ്ധബ്രാഹ്മണഗുരുവിന് സ്തുതിയായിരിക്കട്ടെ. നഷ്ടപ്പെടാൻ എനിക്കൊരു തള്ളവിരൽ മാത്രം. നേടിയതോ? ദക്ഷിണഗുരുവിന്റെ സാധുഇര എന്ന സാർവ്വർത്രിക ബഹുമതി!”

“ആളോഹരി അവകാശപ്പെട്ട അഞ്ചിലൊന്ന് അന്നപാതത്തിൽ കവിഞ്ഞ അളവിൽ പാഞ്ചാലി നിങ്ങളഞ്ചുപേരിൽ ആരെയോ രഹസ്യമായി പരിലാളിക്കുന്നുണ്ട് എന്നദുസ്സംശയം നിങ്ങളിൽ ഉയർത്തിയതാരായിരുന്നു?”, കൊട്ടാരം ലേഖിക മാദ്രീപുത്രനായ നകുലനോട് ചോദിച്ചു
“അഞ്ചു പ്രണയപാണ്ഡവരും ദുരാരോപണ നിർമ്മിതിയുടെ നാൾവഴി നോക്കിയാൽ ആസ്ഥാനകലാകാരന്മാർ എന്നോർക്ക നീ! ഒരു പണത്തൂക്കമെങ്കിലും മറ്റുനാലുപേരേക്കാൾ പ്രിയതമയുടെ പ്രണയ പരിഗണനക്കായി ഒറ്റക്കൊറ്റയ്ക്കും കുറുമ്പന്നിയുണ്ടാക്കിയും ഞങ്ങൾ നിർലജ്ജം പരസ്പരം ഒറ്റുകൊടുത്തു വരുന്ന എന്നതല്ലേ ബഹുഭർത്തൃത്വയാഥാർഥ്യം? അങ്ങനെ നോക്കിയാൽ പാഞ്ചാലിയുടെ ഉടലടിമകൾ ഞങ്ങൾ! ആറടി ഉയരമുള്ള ഈ ദേവസന്തതികൾ!!”

“അടിമപ്പെൺപദവി നൽകി ഔദ്യോഗിക അനുമതിയോടെ ‘കടില’കൗരവർ പാഞ്ചാലിയെ ഇന്നലെ രാത്രി ചൂതാട്ടസഭയിൽ അപമാനിക്കുമ്പോൾ, സത്യസന്ധനെന്ന് പേരെടുത്ത നിങ്ങൾ അക്ഷോഭ്യനായിരുന്നു എങ്ങനെ നേടി, പരീക്ഷണ ഘട്ടത്തിലും പതറാതെ നിങ്ങൾ നിലനിർത്തിയ മനോനിയന്ത്രണം? “ചൂതാട്ടഭ്രമക്കാരായ ഞങ്ങളഞ്ചു പേരെ നിങ്ങൾ പച്ചക്കു കത്തിക്കുവിൻ, നിഷ്കളങ്കപാഞ്ചാലിയെ വെറുതെ വിടിൻ,” അങ്ങനെ വൈകാരികമാവേണ്ട രംഗമായിരുന്നില്ലേ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“ഇന്ദ്രപ്രസ്ഥത്തിൽ ചക്രവർത്തിപദവി വഹിക്കുന്ന കാലം. ശ്വാസകോശ രോഗം ബാധിച്ച അവശനായി കുറച്ചുനാൾ ഞാൻ കിടപ്പിലായപ്പോൾ, പാഞ്ചാലി, ഇളമുറ പാണ്ഡവരുമായി ഒത്തു കളിച്ചു, വൈദ്യസഹായം എത്തിക്കാതെ ദിവസങ്ങളോളം എന്നെ കളിപ്പിച്ച ഓർമ ചൂതാട്ടസഭയിൽ എന്റെ മനോനില സ്വാധീനിച്ചുവോ?”, ദിക്കറിയാത്ത മട്ടിൽ വനവാസ യാത്രക്കിറങ്ങിയ യുധിഷ്ഠിരൻ, വടക്കോട്ടു കാൽവെക്കുന്നതിനു പകരം, തെക്കോട്ടു നീങ്ങി. പാഞ്ചാലി അയാളെ അപരിചിതഭാവത്തിൽ അവഗണിച്ചു.

◇ 2025/08/18 ◇

“എന്തുപറ്റി? സുന്ദരനായ അർജ്ജുനന്റെ കണ്ണിനു താഴെ കലങ്ങിയ ചോര?”, ജാലകത്തിലൂടെ നോക്കി നെടുവീർപ്പിടുന്ന മൂന്നാമനെച്ചൂണ്ടി, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. പാണ്ഡവരുടെ ഇന്ദ്രപ്രസ്ഥ കുടിയേറ്റക്കാലം.

“ഇന്ദ്രവെപ്പാട്ടി എന്നറിയപ്പെടുന്ന ഒരു ദേവനർത്തകിയുടെ രതിപ്രലോഭനത്തിനു വഴങ്ങി അർജ്ജുനൻ, അവിഹിതബന്ധം സ്ഥാപിച്ചു എന്ന ദുരാരോപണം, അച്ഛൻ ഇന്ദ്രന്റെ അതിഥിയായി സ്വർഗ്ഗരാജ്യത്തിൽ ‘സംഭവിച്ചു പോയി’. ഇര അർജ്ജുനൻ അങ്ങനെ വെളിപ്പെടുത്തി. സ്വർഗ്ഗരാജ്യത്തിൽ ആരോ മർദിച്ചവശനാക്കി ഭൂമിയിലേക്ക് തള്ളിയിട്ട എന്നാണറിയുന്നത്. ‘ആയിരംകണ്ണുള്ള’ ഇന്ദ്രൻ തന്നെയാണോ ‘ഇരുട്ടടി’യുടെ പിന്നിൽ? ശ്രുതിയുണ്ട്. സ്വർഗ്ഗരാജ്യ സന്ദർശനം കെട്ടുകഥ എന്നു സംശയിക്കുന്ന പാഞ്ചാലിയുടെ അർത്ഥഗർഭ മൗനമാണ്, മുറിപ്പാടിനെക്കാൾ നോവിക്കുന്നതും. ചരിത്രം എങ്ങനെ അടയാളപ്പെടുത്തും അർജ്ജുനനെതിരായി ഈ സംഭവം? വ്യാസൻ കുടുംബകഥയിൽ എഴുതുമോ?

“ഉർവ്വശീ ‘ശാപം ഉപകാര’മെന്നു ആകസ്മികപ്രത്യക്ഷം വഴി ‘ദ്വിലിംഗ അർജ്ജുനൻ’ വരുംകാലങ്ങളിൽ തെളിയിക്കുമോ? നഗരത്തിലായാലും കുടിയേറ്റ ഭൂമിയിലായാലും ദേവസന്തതികളുടെ ഒരു കാര്യം!”

“ഇങ്ങനെയൊന്നുമല്ല എന്നു തോന്നുന്നല്ലോ ‘നന്മ തിന്മ’യുടെ കുരുക്ഷേത്ര, അന്തിമയുദ്ധഫലം വിഭാവന ചെയ്തത്?”, നൂറു മക്കളെയും, പുത്രവിധവകളെയും, നഷ്ടപ്പെട്ട ഗാന്ധാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകൂടം ഹസ്തിന പുരിയിൽ കൗരവരാജ വിധവകളെ പാതിരാവിൽ കുടിയൊഴിപ്പിച്ച സംഘർഷദിനങ്ങൾ.

“അമ്മാ, ഇന്ന് ഞാൻ കുട്ടിഭീമന് ചൂട മാൻചോരയിൽ വിഷം കലക്കി കുടിക്കാൻ കൊടുത്തു, എന്ന് ദുര്യോധനൻ പണ്ടൊരിക്കൽ രഹസ്യമായി പറഞ്ഞപ്പോൾ, അവനെ ഞാൻ ശാസനയോടെ പരിപൂർണ്ണ അഹിംസയിലക്കു കൈപിടിച്ചു നടത്തിയതോർക്കുന്നു. എന്നാൽ ശരിക്കും ഞാൻ പറയേണ്ടതു എന്തായിരുന്നു? “നാളെ മറ്റു നാലു പാണ്ഡവർക്കും അതുപോലെ കലക്കി കൊടുക്കു”, എന്ന് ദീർഘദൃഷ്ടിയോടെ വംശഹത്യ പ്രോത്സാഹിപ്പിക്കാഞ്ഞതു എന്റെ വൻവീഴ്ച”, കൺകെട്ട് അൽപ്പം നീക്കി പാണ്ഡവചാരൻ കേൾവിപരിധിയിൽ ഇല്ലെന്നുറപ്പിച്ച ഗാന്ധാരി മന്ത്രിച്ചു.

“അമ്പു തറച്ച പേടമാനിനെ വലിച്ച ഭീമൻ, ക്രൂസലില്ലാതെ പൂക്കാരതെരുവിൽ നടക്കുന്നതു ജനം കണ്ടു വാ തുറന്നതു ഇന്നലെയാണ്. ഇന്നിതാ, ഒരു തത്തയെ പിടിച്ചു കാട്ടിലെക്കയക്കുമെന്നു ഭീഷണി. എന്താ സംഭവം?” കൊട്ടാരം ലേഖിക ചോദിച്ചു.

“സാമൂഹ്യസേവനത്തിനായി നഗരത്തിൽ പകൽ മുഴുവൻ പാണ്ഡവരുമായി നടക്കുന്ന പാഞ്ചാലിയെ പഴി പറയുന്ന പക്ഷിയെ പിന്നെ കൂട്ടിൽ അടച്ചാൽ തീരുമോ പ്രശ്നം? കൂട്ട് കുടുംബസ്വത്തു തർക്കത്തിന്റെ പേരിൽ കൗരവവംശഹത്യ പ്രേരിപ്പിച്ചു എന്നാണു അതു ആവർത്തനവിരസത ഇല്ലാതെ നാടൊട്ടുക്ക് വിളിച്ചു അറിയിക്കുന്നതു”, ചാരവകുപ്പ് മേധാവി തത്തക്കൂട്ട് കുതിരപ്പുറത്തു വച്ചു ചാടിക്കയറി.

◇ 2025/08/19 ◇

“വർഷം പതിമൂന്ന കഴിഞ്ഞു, ഉള്ളം ഇപ്പോഴും നീറുന്നുണ്ട് അല്ലേ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനെ ആചാരപൂർവ്വം സമീപിച്ചു. വിരാട സൈനിക പാളയം, പാണ്ഡവർ അസ്ത്രവിദ്യ പരിശീലിക്കുന്ന പ്രഭാതം.

“നീറില്ലേ! അശ്വമേധ യാഗം ചെയ്ത് നേടിയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിപദവി, ചൂത് കളിച്ച അവൻ ചുളുവിൽ തട്ടിപ്പറിച്ചില്ലേ, വരാനിരിക്കുന്ന യുദ്ധത്തിൽ പാണ്ഡവർ എത്ര പേർബാക്കി വരും, അഞ്ചുഗ്രാമങ്ങൾ എങ്കിലും ഞങ്ങൾക്ക് ഇനിയുള്ള കാലം വാസയോഗ്യമാക്കാൻ, അതോ, സൂചികുത്താൻ ഇടം വിട്ടു തരാതെ ഞങ്ങളെ വീണ്ടും കാട്ടിലേക്ക് ആട്ടിയോടിക്കുമോ.” പൊയ്പ്പോയ കാലത്തെ വിഷാദത്തോടെ ഓർക്കുന്ന ഒരു ദുർബല ധർമ്മപുത്രർ വീണ്ടും വിരാട ആയുധപ്പുരയിൽ കണ്ടെത്തിയ ആയുധങ്ങൾ തേച്ചുമിനുക്കി.

“ഉറക്കമുണർന്നപ്പോൾ കണ്ട ആദ്യ ഹസ്തിനപുരി പ്രഭാതം ഓർത്തെടുക്കാമോ”, കൊട്ടാരം ലേഖിക നവവധു പാഞ്ചാലിയോട് ചോദിച്ചു.

“ഒന്നിലധികം കാരണങ്ങളാൽ ഓർക്കാം, യാത്ര കഴിഞ്ഞു അന്തം വിട്ടുറങ്ങിയശേഷം ഉണർന്ന കിടപ്പറക്കപ്പുറം ഞാനൊന്നെത്തി നോക്കി, പത്തറുപതു കൗരവ രാജ കുമാരന്മാർ, “പാഞ്ചാലി പാഞ്ചാലീ”, ആശംസിച്ചു കാത്തുനിൽക്കയാണ് പ്രത്യാശയോടെ. ആ പരിലാളനയിൽ നിന്നെന്റെ ശ്രദ്ധപെട്ടെന്ന് തിരിച്ചത് എതിർദിശയിൽ, ഒരിടുങ്ങിയ മുറിയിൽ നിന്നുയർന്ന പരുക്കൻ പദാവലിയാണ്. എന്താണ് കാര്യം എന്നന്വേഷിച്ചപ്പോൾ, പാണ്ഡവരുടെ മുൻ ഔദ്യോഗികഭാര്യമാർ നീണ്ടകാല ദാമ്പത്യ അവഗണനയിൽ പ്രതിഷേധിച്ചു പ്രകടനം നടത്തുന്നത്, യുധിഷ്ഠിരൻ വാക്കുകൊണ്ട് ‘തല്ലിതോൽപ്പിക്കുക’യാണ്.”, സ്വയംവരം കഴിഞ്ഞു ഭർത്താക്കന്മാരുമൊത്ത് ഹസ്തിനപുരിയിൽ എത്തിയ നാളുകൾ പാഞ്ചാലി കൗതുകത്തോടെ ഓർത്തെടുത്തു.

“പാഞ്ചാലിയുടെ അഞ്ചു ആൺ കുട്ടികൾ ഉറങ്ങിക്കിടക്കുമ്പോൾ പാതിരാവിൽ നഴഞ്ഞുകയറി അവരെ ചവിട്ടിക്കൊന്നതിന്റെ രഹസ്യമെന്താണ്? കൊല്ലുന്നെങ്കിൽ, പോരാട്ടത്തിൽ വേണ്ടേ തല വെട്ടാൻ?”, കൊട്ടാരം ലേഖിക അശ്വത്ഥാമാവിനോട് ചോദിച്ചു. ഒളിച്ചോട്ടത്തിലായിരുന്ന അഭിശപ്ത ദ്രോണപുത്രൻ.

“കഴുത്തു ഞെരിച്ചു കീചകനെ കൊന്ന ഭീമനോട്, നിയമം എന്തിനു നീ കയ്യിലെടുത്തു എന്ന് ഭാര്യാസഹോദരൻ ക്രുദ്ധിയായ വിരാടരാജാവ് വിരൽ ചൂണ്ടി ചോദിച്ചതു കേട്ടു ഞാൻ പിന്നെ അത് മറന്നില്ല. എന്റെ കൈകൾ നോക്കൂ, ചോരപ്പാടില്ലാതെ അഞ്ചു കൗമാരപാണ്ഡവരെ കാലന്റെ അടുത്തേക്കയച്ചില്ലേ”, പാതിരാ മിന്നലാക്രമണത്തിൽ ഉത്സാഹത്തിലായിരുന്ന ആ ദരിദ്രബ്രാഹ്മണൻ.

◇ 2025/08/20 ◇

“കൗരവഅടിമ എന്ന നാമമാത്ര നിയമസ്ഥിതിയെ മഹത്വ വൽക്കരിച്ചു നിങ്ങൾ, ദുര്യോധനന്റെ വ്യക്തിഗത അടിമ എന്ന് പലപ്പോഴും അഭിമാനിക്കുന്നത് പാണ്ഡവരിൽ മന പ്രയാസം സൃഷ്ടിക്കുന്ന എന്നറിയാമോ” കൊട്ടാരം ലേ ഖിക ചോദിച്ചു. പാണ്ഡവർ വനാശ്രമത്തിനു പുറത്തെ ആലിൻചുവട്ടിൽ ചൂതാട്ട കുതിപ്പിലായിരുന്നു.

“ഒന്ന് പുറത്തേക്കു നോക്കൂ, പാണ്ഡവർപരിസരം മറന്നി പ്പോൾ കളിക്കുന്നത് പരസ്പരം എന്നെ പണയപ്പെടുത്തി! ആരു തോറ്റാലും ഞാൻ ജേതാവിന്റെ ലൈംഗികഅടി മയാവണം എന്നാണു ധാരണ. അത് പറഞ്ഞു കീഴ്പ്പെ ടുത്താൻ, ചൂതാട്ടം ജയിച്ച പാണ്ഡവൻ കിടപ്പറയിലേ ക്ക് ഓടി വന്നാലും ഞാൻ നിയമവഴി പറഞ്ഞു കൊടു ക്കും. അതെന്തന്നല്ലേ? നിലവിൽ ഉടയോൻദുര്യോധന ന്റെ മേൽക്കോയ്മക്കു വിധേയമായിരിക്കും പാണ്ഡവർ എന്നിൽ പ്രതീക്ഷിക്കുന്ന ഉടൽ അടിമത്വം. അതാണവ രുടെ മനഃപ്രയാസം, അതവർ സഹിച്ചേ പറ്റൂ, കാരണം ഇരയായ എനിക്ക് വേണമല്ലോ കാവ്യനീതി”.

ഹസ്തിനപുരി പത്രിക ഇന്ന്:

“നിത്യജാള്യതയിൽ അജ്ഞാത വാസം പൂർത്തിയാക്കാൻ മെനക്കെടുന്നതിനേക്കാൾ, അഭിശപ്ത പാണ്ഡവർ എത്ര യും വേഗം ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷരാവുക, അതാ ണ് മാനവരാശിക്ക് നല്ലതെന്ന് പാർശ്വവൽക്കരിക്കപ്പെ ട്ടവരുടെ പ്രിയങ്കര കർണൻ. വിദൂര അംഗരാജ്യത്തിൽ പിന്നോക്കക്കാരുടെ ഉന്നമനത്തിനു വികസന പദ്ധതി കൾ അവതരിപ്പിക്കുകയായിരുന്ന ദാനശീലനായ സൂ തപുത്രൻ. രാവിലെ, തെളിഞ്ഞ വെയിലിൽ കർണന്റെ അഭ്യാസപ്രകടനം വിസ്മയകരമായി.”

“വിദ്യാർഥി ആയിരുന്ന കാലത്ത് അരങ്ങേറ്റത്തിൽ ചില പാണ്ഡവ അനുകൂല ബ്രാഹ്മണഗുരുക്കൾ അഭ്യാസത്തിൽ പങ്കെടുക്കാൻ എന്നെ സമ്മതിക്കാതെ പരസ്യമായി അവമാനിച്ചപ്പോൾ, ഈ നില്ക്കുന്ന ദുര്യോധനൻ എന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ അംഗരാജാവായി അഭി ഷേകം ചെയ്ത ആജീവനാന്തസൗഹൃദം വാഗ്ദാനം ചെയ്ത തിന്റെ വാർഷിക ദിനം കൂടിയാണിത്.” തുടർന്ന് കർണ നും ദുര്യോധനനും പരസ്പരം പുകഴ്ത്തുന്നതും ദേശഗീതം പാ ടുന്നതും ആലിംഗനം ചെയ്യുന്നതും കൈകോർത്ത് നടക്കു ന്നതും സ്വവർഗകാമനയുടെ ആരാധകരായ അംഗരാജ്യ പ്രജകളെ കോരിത്തരിപ്പിച്ചു.

“സഹനത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും മാതൃ ത്വത്തിന്റെയും എക്കാലത്തെ മഹനീയമാതൃകയെന്ന് വാഴ്ത്താൻ സാധ്യതയുള്ള മുൻ മഹാറാണി കുന്തീദേവി, ജീ വിതാന്ത്യത്തിൽ വനവാസത്തിനു! തിരിഞ്ഞു നോക്കു മ്പോൾ എങ്ങനെ ഓർക്കുന്നു പ്രിയ വളർത്തമ്മയെ?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. ആചാരമനു സരിച്ചു ആൺ പെൺ വിവേചനമില്ലാതെ വയോജന ങ്ങൾ ജീവിത സായാഹ്നം വനാന്തരത്തിൽ കഴിയാൻ വിധിക്കപ്പെട്ട ആസുരകാലം, പാണ്ഡവർ ഹസ്തിനപുരി യിൽ അധികാരം പിടിച്ചെടുത്ത കുരുക്ഷേത്രാനന്തര വറുതിയുടെകാലം.

“പക്ഷപാതമില്ലാതെ പാണ്ഡവരഞ്ചുപേർക്കും ഒരേ പന്തിയിൽ ഊണൊരുക്കിയ സ്നേഹനിധിയായ അമ്മ എന്നൊക്കെ ഇന്നലെ യാത്രയയപ്പു യോഗത്തിൽ കത്തി ക്കയറുമ്പോൾ, കുട്ടിക്കാലം മുതൽ കരൾ പിളർക്കുന്ന ചോദ്യമുണ്ട്, മുതിർന്ന വിധവയെന്ന നിലയിൽ കുന്തിയെ ന്തിന്, സ്വയം സതിയനുഷ്ഠിക്കാതെ ഇളമുറമാദ്രിയെ പി ന്നിൽ നിന്നും പാണ്ഡുചിതയിൽ തള്ളി? യുവത്വത്തിൽത ന്നെ ജീവിതം നിഷേധിക്കപ്പെട്ട ആ ഭാഗ്യഹീനക്കു ബാ ല്യസ്മൃതിയുടെ ബലി ഘട്ടത്തിൽ അർപ്പിക്കട്ടെ, ഇത്തിരി എള്ളും പൂവും ചന്ദനവും!”

◇ 2025/08/21 ◇

“വനവാസക്കാലത്തവൾ, കൗരവഅടിമയെന്ന നിലയിൽ, ശരിയാണ്, പല വൃത്തികെട്ട ജോലിയും ചെയ്യേണ്ടണ്ട്, എന്നാലുമുണ്ടല്ലോ അവൾക്കു സർഗ്ഗാത്മകനിമിഷങ്ങൾ. അപ്പോൾ അവൾ, കഥ പറയുമോ, നൃത്തം ചെയ്യുമോ, അതോ, ഒറ്റക്കിരുന്നവൾ പാട്ട പാടുമോ?”, കൊട്ടാരം ലേഖിക ചോദിച്ചു. നീരാടാൻ പാഞ്ചാലി പോയതോടെ, കുടിലിൽ പാണ്ഡവർ മാത്രം. “സ്വകാര്യനിമിഷങ്ങളിൽ മാറിയിരുന്നവൾ എഴുത്താണി കൊണ്ട് പനയോലയിൽ എഴുതുന്നത് കാണാം. ഭാര്യ അഭ്യസ്തവിദ്യ, എന്നാൽ കൗമാരം വരെ കാട്ടിൽ വളർന്ന, അക്ഷര ദേവതയെ പരിചയപ്പെടാൻ വൈകിയ ഭർത്താക്കന്മാർ, ഭാര്യയുടെ രചനാലോകം വായിച്ചറിയാനാവാതെ പരസ്പരം അന്ധാളിച്ചു നോക്കേണ്ടി വരിക, ഞങ്ങൾ കൗന്തേയർ സാധു ജീവികൾ!”. വിരൽ കടിച്ചു, വാക്കു മുറിഞ്ഞു, കണ്ണുകൾ ഈറനായി. മറ്റു പാണ്ഡവർ ഭീമന്റെ വൈകാരിക പ്രകടനത്തെ ഈർഷ്യയോടെ നോക്കി, സ്വന്തം നിരക്ഷരതയെ വെളിപ്പെടുത്തിയ ഭീമനിഷ്കളങ്കതയെ പഴിച്ചു.

“കീറത്തുണിയിൽ അവിലുമായി പഴയകാല സാന്ദീപനി ഗുരുകുലത്തിലെ ദരിദ്രസഹപാഠികൾ, നിങ്ങളെ ആശ്ലേഷിക്കാൻ വിയർത്ത ശരീരങ്ങളുമായി പുറത്തു വരി നിൽക്കുന്നുണ്ടല്ലോ. ഓരോരുത്തരെ അകത്തേക്ക് പറഞ്ഞു വിടട്ടെ? അവിൽ ഇവിടെ ഏൽപ്പിച്ചു നാട്ടിൽ തിരിച്ചെത്തിയാൽ കുചേലാനുഭവത്തിന്റെ സർവൈശ്വര്യ ആവർത്തനം അവർ നിന്ന നിൽപ്പിൽ സ്വപ്നം കാണുന്നു!”, ഭർത്താവിനെ സത്യഭാമ ഉറക്കം ഉണർത്തുന്ന ശബ്ദം കേട്ടാണ് കൊട്ടാരം ലേഖിക അന്തഃപുരത്തിൽ നുഴഞ്ഞു കയറിയത്.

◇ 2025/08/22 ◇

“മഹാപ്രസ്ഥാനം എന്നൊരു കടിലപദ്ധതിയിലൂടെ പാണ്ഡവരെയും പാഞ്ചാലിയേയും അധികാരത്തിന്റെ സുഖവഴിയിൽനിന്ന്, ജീവിതാന്ത്യത്തിൽ, പെരുവഴിയിലേക്ക് തള്ളിവിടുന്ന എന്ന് ശ്രുതി കേട്ടല്ലോ.”, കൊട്ടാരം ലേഖിക പരീക്ഷിത്തിനോട് മുഖം കറുപ്പിച്ചു.

“അച്ഛൻ അഭിമന്യു കൌമാരപ്രായത്തിൽ എങ്ങനെ മരിച്ചു, എന്ന് ഇന്നെല്ലാവർക്കും അറിയാം, അതിൽ യുധിഷ്ഠിരന്റെ പങ്കും. അതൊന്നും ഇനി എന്നെ ഓർമിപ്പിക്കരുതെ. യുദ്ധം കഴിഞ്ഞു ഹസ്തിനപുരിയിൽ ഓടിയെത്തിയ യുധിഷ്ഠിരൻ, ‘അന്ധചക്രവർത്തി’ ചെങ്കോൽ തരുന്നില്ല എന്നും പറഞ്ഞു എന്തെല്ലാം ആയിരുന്നു കോലാഹലം! അമ്മ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. മുപ്പത്തിയാറു കൊല്ലം, പെരുമാറ്റകാപട്യത്തിന്റെ പെരുന്തച്ചനായ യുധിഷ്ഠിരൻ നാട്ട് ഭരിച്ച എന്നിട്ടും, അത്ര തന്നെ പ്രായമുള്ള ഞാൻ യുവരാജ പദവിയിൽ ഹിമാലയച്ചരത്തിനു കൊടും തണുപ്പിൽ ശത്രുനീക്കം പ്രതിരോധിക്കാൻ കാവൽ! വാനപ്രസ്ഥമായാലും മഹാപ്രസ്ഥാനമായാലും പാണ്ഡവരും പാഞ്ചാലിയും അന്തിമപദയാത്ര നാളെ രാവിലെ തുടങ്ങും, യാത്രഅയപ്പിനു നിങ്ങളും കാണണം!”.

“അവൾ സാന്ദർഭികമായി ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയപ്പോൾ, അനുമോദിക്കാൻ ചെന്നവരുടെ കൂട്ടത്തിൽ നിങ്ങളെ കണ്ടില്ലല്ലോ. രാജസഭയിൽ കൌരവർ ഉടുതുണിവലിച്ചു അവളെ പരസ്യമായി അപമാനിക്കുമ്പോൾ, അരുതു എന്ന് വിരൽ ചൂണ്ടാൻ നിങ്ങൾ വന്നില്ല. അടിമപ്പെണ്ണായി അവൾ വ്യാഴവട്ടക്കാല വനവാസത്തിനു നഗ്നപാദയായി പോവുമ്പോൾ ആശ്വസിപ്പിക്കാൻ നിങ്ങൾ ചെന്നില്ല. മാപ്പർഹിക്കാത്ത എന്ത് തരം ഗാർഹികപീഡനമാണ് നിങ്ങൾ എക്കാലവും പുത്രവധുവിനോട് കാണിച്ചത്”, കൊട്ടാരം ലേഖിക ഇരുകൈപ്പത്തികൾ മലർത്തി.

“ഈ വിരലൊന്നു ഞൊടിച്ചാൽ എന്റെ ചുറ്റും വാലാട്ടി ആജ്ഞകാത്തു നിന്നിരുന്ന അഞ്ചു ദേവസന്തതികളെ ആദ്യരാത്രിയിൽ, പാലും പഴവുമായി കിടപ്പറയിലേക്ക് പറഞ്ഞയച്ചതാണ്, പുത്രവധുവിനു ഞാൻ നൽകിയ വിവാഹ പാരിതോഷികം. എന്റെ പ്രിയമക്കളെ നിസ്സാരകാര്യത്തിനു പോലും അവൾ ആദ്യരാത്രി മുതൽ നിന്ദിക്കുമ്പോൾ ഒരു വാക്കു പോലും മറുത്തു സംസാരിക്കാത്തതാണെന്റെ മനഃസംയമനം”, ഗാന്ധാരിയുടെ ദാസി എന്ന നിലയിൽ ഒരു കെട്ട് വിഴുപ്പുതുണികളുമായി കൊട്ടാരത്തിനു പിന്നിലെ കുളത്തിലേക്ക് വിനീതമായി പോവുകയായിരുന്ന ആ വൃദ്ധവിധവ രാജാധികാരവ്യവസ്ഥക്ക് എതിരായ വിട്ടുവീഴ്ചയില്ലാത്ത വിമർശനങ്ങളായിരുന്നല്ലോ കുരുക്ഷേത്രക്കു മുമ്പ് വരെ നിങ്ങളുടെ തെരുവോര പ്രഭാഷണങ്ങൾ, എന്നിട്ടും കൌരവർ നിങ്ങളെ വെറുതെ വിട്ടു. യുദ്ധാനന്തര പാണ്ഡവ ഭരണത്തിൽ പക്ഷേ, ഭക്ഷ്യക്ഷാമത്തെ കുറിച്ച് നിങ്ങൾ മിണ്ടുന്നതു കേൾക്കാറില്ല—അനുരഞ്ജനത്തിൽ എത്തിയോ അന്നം പ്രശ്നമായപ്പോൾ?” കോട്ടക്കകത്തെ ഊട്ടുപുര. ആടിനെ അറുത്തു ചുടുചോര മോന്തുകയായിരുന്ന യുക്തി വാദി ചാർവാകനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പത്തു വയസ്സെത്താത്ത മൂന്നു കുട്ടികളെ ചാരവകുപ്പു മേധാവി നകുലൻ എന്റെ നല്ലനടപ്പിന് ബന്ദിയാക്കി ഒളിവിൽ പാർപ്പിച്ചിരിക്കയാണ്. ഭരണ കൂടത്തെ വിമർശിക്കുന്നതിനു പകരം, ഇപ്പോൾ കാണുന്ന ദൗർല്ലഭ്യങ്ങൾക്ക് ദുര്യോധനഭരണമായിരുന്ന കാരണം എന്ന് വാണിജ്യ ത്തെരുവുകളിൽ പ്രഭാഷണ പരമ്പര ചെയ്യാൻ നിബന്ധന വച്ചു. എനിക്ക് ശേഷം ചാർവാകപദവി വഹിക്കേണ്ടവരുടെ ദേഹസുരക്ഷക്കുവേണ്ടി പ്രഭാഷണത്തിന്റെ ചൂടും പുകയും കൌരവർക്കുനേരെ തിരിച്ചു ഞാനൊരു തുടക്കം കുറിക്കുകയാണ്—കേൾക്കാൻ നിങ്ങളും വരുമല്ലോ.”

“പുത്രവധു പാഞ്ചാലി ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയപ്പോൾ, കൈ മുത്താൻ ചെന്നവരുടെ നീണ്ടവരിയിൽ നിങ്ങളെ കണ്ടില്ലല്ലോ? വിരുന്നുവന്ന ഹസ്തിനപുരി കൊട്ടാരത്തിൽ, അവളെ കൌരവർ ഉടുതുണി ഊരി അപമാനിക്കുമ്പോൾ, ‘അരുതു’ എന്ന് വിരൽ ചൂണ്ടാൻ ചൂതാട്ടസഭയിൽ വന്നില്ലല്ലോ? വനവാസത്തിനവർ പോവുമ്പോൾ, ആശ്വസിപ്പിക്കാനും.!”, കുന്തീയെ കൊട്ടാരം ലേഖിക ഒറ്റയ്ക്ക് കണ്ടെത്തി. “അഞ്ചിൽ ഒരാൾ ഷണ്ഡൻ എങ്കിൽ, നാലു പുത്രന്മാരെ അർജ്ജുനനൊപ്പം കിടപ്പറക്കുട്ടിന് പറഞ്ഞയച്ചതാണ് പുത്രവധുവിനു ഭർതൃമാതാവിന്റെ വിവാഹ പാരിതോഷികം. അവൾ പരസ്യമായി പാണ്ഡവരതി നിന്ദിക്കുമ്പോൾ, എതിർത്തു അവളോടു ഒരു വാക്കു പോലും സംസാരിക്കാത്തതല്ലേ എന്റെ സംയമനം?”

◇ 2025/08/23 ◇

“ചൂതാട്ടത്തിൽ തോൽക്കുന്നവരെ വനവാസത്തിൽ അയക്കേണ്ട കാര്യം എന്തായിരുന്നു?”, നഗ്നപാദരായി വടക്കൻദിശയിൽ വലിഞ്ഞുനടക്കുന്ന ആറംഗ പാണ്ഡവ കുടുംബത്തെ നോക്കി കൊട്ടാരം ലേഖിക ദുര്യോധനന്റെ ശ്രദ്ധ ആകർഷിച്ചു. ചൂതാട്ട പിറ്റേന്ന് ഹസ്തിനപുരി.

“വനത്തിൽ തുടരട്ടെ ഈ വനാന്തര ജീവികൾ! പരിഷ്കൃത കൗരവസമൂഹ വുമായി പൊരുത്തപ്പെട്ട് കഴിയാൻ അറിയാത്തവർ ചെന്നു ചേരട്ടെ, അവർ ജനിച്ചു വളർന്ന ആവാസവ്യവസ്ഥയിൽ.”

“ഇന്ദ്രപ്രസ്ഥത്തിൽ രാജസൂയ ചക്രവർത്തിയായിരുന്ന നിങ്ങളിപ്പോൾ, വെറുമൊരു സാമന്തഹസ്തിനപുരി രാജാവാകുന്നതിൽ പന്തികേടില്ലേ. ചെങ്കോൽ സഹദേവനെ ഏൽപ്പിച്ചു സിംഹാസനത്തിന്നരികെ കാവൽദേവതയായി ‘വാണരുളു’ന്നതല്ലേ നല്ലത്?”, അഭിവാദ്യം ചെയ്യാൻ അവസരം കിട്ടിയ കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“മയൻനിർമിത കൊട്ടാരനിർമിതി ഒഴികെ, വ്യവസ്ഥാപിത രാജസ്ഥാപനങ്ങൾ അവിടെ നിങ്ങൾ കണ്ടിരുന്നോ? ഖാണ്ഡവവനം വെട്ടി തെളിയിച്ച പണിത കുടിയേറ്റയിടം മാത്രമായിരുന്ന ഇന്ദ്രപ്രസ്ഥം, തിരിഞ്ഞു നോക്കുമ്പോൾ, വെറുമൊരു മോഹവലയം!, എന്നാൽ ഹസ്തിനപുരി? കന്തം കൊണ്ടും കൗശലം കൊണ്ടും ഞങ്ങൾ നേടിയെടുത്ത ‘പൈതൃകം’!”

“ഇതെന്താണ് പാണ്ഡവപാളയത്തിനു പിന്നിൽ, പുഴയോരം ചേർന്നൊരു കത്തുന്ന തീകുണ്ഡം”, കൊട്ടാരം ലേഖിക ഞെട്ടലോടെ ചോദിച്ചു.

“നാളെ പതിനെട്ടാം ദിവസം, ദുര്യോധനനുമായി സംഘംചേർന്ന പാണ്ഡവർ കൊമ്പുകോർക്കും. മരിക്കുന്നത് പക്ഷേ, യുധിഷ്ഠിരൻ ആണെങ്കിൽ, നവവധുവേഷത്തിൽ ഉടൻ ഞാൻ സതിയിൽ ചാടി മരിക്കണം എന്നാണ് എന്നെ ചുറ്റിവളഞ്ഞു അഞ്ച് ഭർത്താക്കന്മാർ പറയുന്നത്. അത് വേണോ എന്ന് സംശയിച്ചപ്പോൾ, ദുര്യോധനന്റെ വെപ്പാട്ടിയായി ഞാൻ കഴിയുന്നതിൽ നീതിനിഷേധം ഉണ്ടെന്നവർ ആണയിടുന്നു. യാഗാഗ്നിയിൽ നിന്ന് പൂർണവളർച്ച എത്തിയ സ്ത്രീരൂപത്തിൽ ഉയർന്ന ഞാൻ ഈ തീകുണ്ഡത്തിൽ വിലയം പ്രാപിക്കുന്നതിൽ കാവ്യനീതിയുണ്ടെന്നവർ പ്രശംസിക്കുമ്പോൾ, ആരും വീണുപോവില്ലേ?”, ദേഹമാസകലം മുറിപ്പാടുകളുമായി പാണ്ഡവർ അഞ്ചുപേരും പ്രേക്ഷകരായിരുന്നു.

“മുഖത്തും മാറിലും യുദ്ധം വിതച്ച മുറിപ്പാടുകൾ, കൊച്ചുരിപ്പുകളുടെ കെട്ടുറപ്പ് തകർക്കാൻ കൗരവപ്രഹരത്തിനു ഒട്ടും കഴിഞ്ഞില്ലേ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ആയിരം പൂർണചന്ദ്രന്മാരെ കണ്ട പാണ്ഡവമുഖ്യന്റെ ജന്മദിനം ആഘോഷിക്കുന്ന ഹസ്തിനപുരി കൊട്ടാര ഉദ്യാനം.

“ഏതാപൽഘട്ടത്തിലും പല്ലിനെ തുണച്ച നാവിനു സ്തുതി. പോരാട്ടത്തിന്നിടെ പറയാനുറച്ച നുണ, പ്രത്യേക സാഹചര്യത്തിൽ, അർദ്ധ സത്യമായി മാറിയത് കുരുക്ഷേത്രയിൽ നിങ്ങളും കണ്ടതല്ലേ? ദുര്യോധനനെ മുടിയിൽ പിടിച്ചുവലിച്ചു തുടയിൽ മാരകഗദാ പ്രഹരത്തോടെ ഭീമൻ കീഴ്പ്പെടുത്തുമ്പോൾ, “എന്ത് പറ്റി ഉണ്ണീ ദുര്യോധനാ!”, എന്ന് വിലപിക്കാൻ പ്രേരിപ്പിച്ച നാവാണെന്റെ, ദന്തനിരയുടെ കാവൽദേവത!”

“എന്തുകൊണ്ടെനിക്കു നീതി നിഷേധം? എന്നല്ലേ പാഞ്ചാലിയുടെ പരിദേവനം?”, കൊട്ടാരം ലേഖിക ചോദിച്ചു. “നീതിപീഠത്തിലിടപെടാൻ ഞങ്ങൾക്കെവിടെ അധികാരം? ചോര ചീന്താതെ പാണ്ഡവരെ സ്ഥാനഭ്രഷ്ടരാക്കി. നിലത്തിരുന്നായിരുന്ന ഞങ്ങളുടെ പോരാട്ട നേട്ടമെന്നോർക്ക! ‘യുദ്ധ’വിജയം ആഘോഷിക്കാൻ അവസരം കിട്ടും മുമ്പ് ‘ലൈംഗികാക്രമി’ എന്ന് അതിജീവിത ഞങ്ങളെ ചാപ്പകുത്തി. സ്ത്രീപക്ഷ നൈതികതയാൽ ചലനാത്മകമായ ഹസ്തിനപുരി നീതിപീഠം, വാദപ്രതിവാദങ്ങൾക്കു ശേഷം ഞങ്ങളെ കുറ്റവിമുക്തരാക്കി. കൺകെട്ടഴിച്ച നീതിദേവത ചരിത്രത്തോടായി വിരൽചൂണ്ടി—“ഞാൻ അൽപ്പവസ്ത്ര” എന്ന സ്തോഭജനക ഏറ്റു പറച്ചിലോടെ ചൂതാട്ട സഭയിൽ കയറിയവളുടെ ‘അൽപ്പവസ്ത്രം’ തന്നെയാണവളുടെ പ്രലോഭനമെന്ന നീതിമാൻ നിരീക്ഷിച്ചു. അൽപ്പവസ്ത്രം ചിത്രരചനയിലൂടെ പ്രതികൾക്കനുകൂല തെളിവാക്കിയ ആത്മസുഹൃത്ത് കർണ്ണനു നമോവാകം. സൈനിക പരിശീലനത്തിനിടയിൽ പരിക്കേറ്റ കൗരവർക്കു ശേഷം ലൈംഗികശേഷിയില്ലെന്ന ഭിഷഗ്വരർ നൽകിയ പരിശോധനാരേഖയുടെ തെളിവുമൂല്യം നിർണ്ണയിച്ച നീതിപതി, അതിജീവിതയെ മാതൃകാപരമായി ശിക്ഷിക്കാൻ കാണിച്ച നീതിബോധമുണ്ടല്ലോ, ചരിത്രമുഹൂർത്തം! വനവാസത്തിനു പോകേണ്ടവർ അതാ, വടക്കൻ തെരുവീഥിയിൽ വഴിനടക്കുന്നു. ഞങ്ങൾ തിരക്കിലായിരിക്കും ഇന്ദ്രപ്രസ്ഥഅരമനയിൽ പാണ്ഡവഭരണകാലത്തു ഒളിപ്പിച്ച കൊള്ള മുതലുകളുടെ കണക്കെടുക്കണം കൊട്ടാരത്തിന്റെ ഭ്രഗർഭ നിലവറയിൽ വരവു വെക്കണം. പിടിപ്പുകേടിനാൽ വരുത്തിവച്ച ദേശവിദേശ കടങ്ങൾ പലിശയടക്കം തിരിച്ചടച്ചു ധനസുസ്ഥിരത ഞങ്ങൾ വേണം ഉറപ്പുവരുത്താൻ. ആ ഞങ്ങളെയാണ് കെട്ടിച്ചമച്ച ലൈംഗികാക്രമണ പരാതിയിൽ തളക്കാൻ പാണ്ഡവർ ശ്രമിച്ചത്! അതിജീവിതയുടെ അപരാധം കൗരവർ പൊറുത്താലും, മറക്കുമോ മാനുഷൻ ഉള്ള കാലം.”

◇ 2025/08/24 ◇

“ദാനശീലൻ എന്ന ബഹുമതി കൊടുത്തു കർണ്ണനെ, സൂര്യനോളം ഉയർത്തിയ അർജ്ജുനൻ, തേരിൽ കയറുംമുമ്പ് തന്നെ, നിങ്ങൾ തുടങ്ങിയല്ലോ പാണ്ഡവനിന്ദ?”, കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് കയർത്തു.

“കൗരവ പൈതൃകത്തോടു ആഭിമുഖ്യം പുലർത്തുന്ന ആയിരങ്ങളെ കയ്യിലെടുക്കാൻ അനുസ്മരണ യോഗത്തിൽ കർണ്ണനെ ‘ധീരോദാത്ത’നെന്നു പ്രകീർത്തിക്കാനും അർജ്ജുനൻ തയ്യാർ, എന്നാൽ ‘രാജ്യത്തിന്റെ അഖണ്ഡത’ക്കായി കുരുക്ഷേത്രയിൽ നൂറോളം സഹോദരന്മാരെ ബലിദാനം ചെയ്ത ധീരദേശാഭിമാനി ദുര്യോധനന്റെ കുഴിമാടത്തിൽ പൂവിടാൻ പാണ്ഡവർക്കു മടി!” “സൂക്ഷ്മലോകത്തുനിന്നു പുറത്തു ചാടി ദുര്യോധനാത്മാവു്, അശ്വത്ഥാമാവിനെ പോലെ, കഴുത്തു ഞെരിക്കുമെന്നു ഭയക്കുന്നുവോ ഭീരുപാണ്ഡവർ?”

◇ 2025/08/25 ◇

“കൗരവസാന്നിധ്യമില്ലാത്ത ശവസംസ്കാര ചടങ്ങിലൂടെ അഭിമന്യു ഇന്നലെ കഥാവശേഷനായി. നിങ്ങളാരും ആ വഴിക്കൊന്ന ‘തലയിൽ തുണി’യിട്ട് പോയതു കൂടിയില്ലേ”, കൊട്ടാരം ലേഖിക ദുര്യോധനനെ നേരിട്ടു. യമുനയുടെ തീരം, രാവിലെ മൂടൽമഞ്ഞിൽ പരസ്പരം മുഖഭാവം വ്യക്തമായി കാണാൻ പറ്റില്ലെങ്കിലും, ശബ്ദത്തിൽ നീരസം പ്രകടമായി.

“ചക്രവ്യൂഹം തകർത്തു അഭിമന്യു ഇടിച്ചുകയറിയതു് കൗരവർക്ക് മധുരം നുള്ളി തരാനായിരുന്നുവോ?, അതോ, മരണം വിതക്കാനോ? യുദ്ധത്തിൽ ഞങ്ങൾക്ക് ‘നാരായണസൈന്യ’ത്തെ നിബന്ധനയില്ലാതെ വിട്ടുതന്നു സഹായിച്ച കൃഷ്ണന്റെ, സഹോദരീ പുത്രനെ ഉടനടി കൊല്ലാൻ അതേ സൈനികർ വാളുയർത്തിയപ്പോൾ, ‘ഉറയിലിട്ടേ’ എന്ന് കൽപ്പിച്ച എന്നെയാണ് പിന്നിൽനിന്ന് അവിവേകിയായ അർജ്ജുനപുത്രൻ രഥചക്രം കൊണ്ട് തലയിൽ ആഞ്ഞടിക്കാൻ ഓടിവന്നതു്. അതു് കണ്ടാൽ എന്റെ സുഹൃത്ത് കർണൻ ‘അരുതേ!’ എന്ന് മുട്ടു കുത്തണോ? അതോ, പ്രതിരോധത്തിൽ ശത്രുവിന്റെ ഉയിരെടുക്കാണോ?”, നിന്നനിൽപ്പിൽ ഉയർന്നു, തെളിനീരിലേക്കയാൾ എടുത്തുചാടി.

“കൗരവരടിമ. എങ്കിലും, യുധിഷ്ഠിരനെ ഞങ്ങൾ വിളിച്ചിരുന്നതു് ‘അഭിവന്ദ്യ മഹാരാജാവേ’ എന്ന് തന്നെ. അക്ഷയ പാത്രത്തിൽ നിന്ന് ഞാൻ പച്ചനാക്കിലയിൽ രുചിഭക്ഷണം അമർത്തി വിളമ്പി നിലത്തു വച്ച് കൊടുക്കും. ‘മഹാരാജാവു്’ ഉണ്ടെണീക്കുംവരെ ബാക്കി നാലു ഭർത്താക്കൻമാരും ഞാനും ഇങ്ങനെ ഒറ്റക്കാലിൽ നില്ക്കും. ഉരുള ഉരുട്ടുന്നതും, നാക്ക് പുറത്തിട്ടു വാ തുറന്നു അകത്തേക്ക് ഉന്നം തെറ്റാതെ എറിയുന്നതും, ചുണ്ടുകൾ പൂട്ടി അമുക്കുന്നതും, താടി ഉയർത്തി ഇറക്കുന്നതും, ഇടക്കിടക്കു വയർ ചലിപ്പിച്ചു ഇടം കൂടുന്നതും ഒക്കെ എത്ര നാൾ ആദരവോടെ കണ്ടു നില്ക്കും? വിശക്കുന്ന എന്നയാൾ ഈയിടെയായി നിലവിളിച്ചാൽ, ഊട്ടുപുരയിൽ ഞാൻ അലസമായി അക്ഷയപാത്രം കൊണ്ട് വക്കും. പിന്നെ അവരഞ്ചുപേരും വാരിവലിച്ചു തിന്നുന്നതു് കാണാൻ മെനക്കെടാതെ ഞാൻ എന്റെ പാട്ടിനു അരുവിയിൽ നീന്താൻ പോവും”, വനവാസത്തിൽ പഴയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ ആഹാരരീതിയെ കുറിച്ച് മുൻ രാജമാതാവു് പാഞ്ചാലി ഹസ്തിനപുരി പത്രിക കൊട്ടാരം ലേഖികയോടു്.

“കഴഞ്ഞു വീണ പാഞ്ചാലിയുടെ മരണമൊഴി നേരിട്ട് കേട്ട ഏകവ്യക്തി അല്ലേ നിങ്ങൾ?”, കൊട്ടാരം ലേഖിക, ദുസ്സംശയം മറച്ചുവക്കാതെ മുന്നിൽ നിൽക്കുന്ന സ്ത്രീയെ നിർദ്ദയം ചോദ്യം ചെയ്തു.

“കാട്ടിൽ എത്രംവരെ ഞാൻ തോഴിയായി കൂടെയുണ്ടാവും എന്ന് മിക്കവാറും സമ്മതിച്ചാണ് പാണ്ഡവർക്ക് പിന്നിൽ, അകലം പാലിച്ചു നടന്ന പാഞ്ചാലി എന്നെ കൂടെ കൂട്ടിയതു്. കുറെ നീങ്ങിയപ്പോൾ പാഞ്ചാലി ചുറ്റും കൂടുതൽ ശ്രദ്ധയോടെ, ഭീതിയോടെ നോക്കിത്തുടങ്ങി. ഒന്നും ഞാൻ അപ്പോൾ ചോദിച്ചില്ല. പുൽത്തകിടിയുള്ള സന്യസ്ഥാശ്രമങ്ങൾ കണ്ടപ്പോൾ പെട്ടെന്ന് ഭീതിയിൽ പാഞ്ചാലി മുട്ടു കുത്തി മേൽപ്പോട്ടു നോക്കി കൈകൾ കൂപ്പി. തോളിൽ കൈവച്ച് ഞാൻ സ്പർശ സാന്ത്വനം നല്കി. ‘ഇല്ല ഞാൻ ഇനിയൊരടി മുന്നിലേക്ക്. വയ്യ എനിക്കീ മടിയൻ സന്യാസികളുടെ ജൈവമാലിന്യം വീണ്ടും ഒരു വ്യാഴവട്ടക്കാലം ചുമക്കാൻ’ എന്ന് വിതുമ്പി നിലവിളിച്ചു പാഞ്ചാലി കഴഞ്ഞുവീണു. മുന്നേപോയ പാണ്ഡവർ, സന്യാസികളോടു് ഉപചാരം പറയുന്നതിനിടക്ക് തിരിഞ്ഞു നോക്കാൻ വിട്ടുപോയോ! പാഞ്ചാലിയുടെ അനാഥ ഭൌതിക ശരീരം വലിച്ചിഴച്ചപ്പോൾ കണ്ണിൽ പെട്ട ഗ്രഹയിൽ അടക്കം ചെയ്ത ഞാൻ കളിച്ച ഈറനുടുത്തു തിരിച്ചുപോന്നു.” തോഴി, ഇനിയും എന്തോ ഒളിപ്പിച്ചുവച്ചിട്ടുണ്ട് എന്ന സംശയം ഉണർത്തി, തിരക്കഭിനയിച്ച പുതിയ ഹസ്തിനപുരി മഹാരാജാവു് പരീക്ഷിത്തിന്റെ അരികിലേക്ക് വലിഞ്ഞു നടന്നു.

“പാണ്ഡവരോടു് പോരാടുമ്പോൾ നിങ്ങൾക്കറിയില്ലേ, നകുലനും സഹദേവനും നിങ്ങളുടെ അനുജത്തി മാദ്രിയുടെ ഇരട്ടക്കുട്ടികൾ?”, കൊട്ടാരം ലേഖിക മദ്ര രാജാവു് ശല്യന് നേരെ കുരുക്ഷേത്രയിൽ വിരൽ ചൂണ്ടി.

“വിവാഹേതര പ്രസവങ്ങൾ മൂന്നുനാലു കഴിഞ്ഞപ്പോൾ അവിഹിത രതിയിൽ മടുപ്പു തോന്നിയ കുന്തി, ബാക്കിയുള്ള ഒരു വശീകരണമന്ത്രം ഇളയറാണി മാദ്രിക്കു കൊടുത്തു, ‘എനിക്ക് വേണ്ടി നീ ഗർഭം ധരിക്ക’! അശ്വിനി ദേവതകളുമായി മാദ്രി വിനീതമായി സഹകരിച്ചു ഇരട്ടപ്രസവം സംഭവിച്ചു എന്നതിൽ കവിഞ്ഞൊരു ജൈവികമാതൃത്വമായിരുന്നോ, ഭർത്താവു് നാളെ കഴഞ്ഞുവീണു മരിച്ചാൽ ചിതയിൽ ചാടാൻ ബാധ്യത ഏറ്റെടുത്ത എന്റെ പാവം സഹോദരിക്ക്? കുന്തി എന്ത് പ്രതിഫലം മാദ്രിക്കു കൊടുത്തു എന്നറിയില്ലെങ്കിലും വാടകഗർഭം എന്നോ മറ്റോ ഇതിഹാസകാരൻ വ്യാസൻ ഒരു വിചിത്ര സാങ്കേതികപദം അതാവിഷ്കരിക്കാൻ കണ്ടെത്തിക്കഴിഞ്ഞു എന്നാണറിഞ്ഞതു്, ഇപ്പോൾ പൂർണമായി മനസ്സിലാവില്ലെങ്കിലും, വരും യുഗത്തിൽ സംഗതി നല്ലൊരു വരുമാനമാർഗം എന്ന നിലയിൽ ജനകീയമാവും”, അതിരഥ പുത്രൻ കർണന്റെ തേരാളിയാവാൻ വിധിക്കപ്പെട്ട ചക്രവർത്തി ശല്യൻ ഒച്ച വച്ചു ഉള്ളിൽ ഉള്ള വേദനയ്ക്ക് വാക്കുകൾ നൽകി. ദുര്യോധനൻ സംശയത്തോടെ അവരെ ഒളിഞ്ഞു നോക്കി.

◇ 2025/08/26 ◇

“ധൃതരാഷ്ട്ര ജഡം ഹസ്തിനപുരിയിലേക്കു കൊണ്ടുവരാനോ, മരണവാർത്ത പ്രഖ്യാപിച്ചു ദുഃഖാചരണം തുടങ്ങാനോ ഭരണകൂടശ്രമമൊന്നും ഇതുവരെ കണ്ടില്ലല്ലോ”, കൊട്ടാരം ലേഖിക ചാരവകുപ്പു മേധാവിയോട് ചോദിച്ചു.

“കത്തിക്കരിഞ്ഞവരുടെ കൂട്ടത്തിൽ നിങ്ങളുടെ വളർത്തമ്മ കുന്തിയും കൗരവരാജമാതാവ് ഗാന്ധാരിയും ഉണ്ടെന്നാണല്ലോ ആദിവാസികൾ തരുന്ന രഹസ്യവിവരം.”

“വിശിഷ്ടവ്യക്തികളുടെ മരണ സാഹചര്യത്തിൽ ഞങ്ങൾ ഇടപെടാത്തതു പോലെ, വാർത്താവിനിമയത്തിനു സമയം തീരുമാനിക്കുന്നതിൽ നിങ്ങളും ധൃതി കൂട്ടരുത്. പാണ്ഡവരോടുള്ള പകയിൽ ചിതകൂട്ടി ആത്മത്യാഗം ചെയ്യുമെന്ന ഭീഷണിയുമായി നാളെ രാവിലെ കൗരവരാജ വിധവകളുടെ പ്രതിഷേധ സംഗമത്തിനു കാത്തിരിക്കയാണ് ഞങ്ങൾ. പെരുമ്പറ കൊട്ടി വാർത്ത അറിയിക്കുന്നതിനൊപ്പം, ദുഃഖാചരണത്തിന്റെ ഭാഗമായി പൂർണ്ണമായും ഭരണകൂട പ്രോത്സാഹനത്തിൽ ബന്ദാചരിക്കും. വിദുരർ ഉൾപ്പെടെ നാലു ജഡങ്ങളും എങ്ങനെയോ അങ്ങനെയെന്ന നിലയിൽ അതീവ സുരക്ഷാ ഭൂഗർഭ അറയിലെത്തിച്ചു.”

◇ 2025/08/27 ◇

“സിംഹാസനത്തിനു ഇടതുവശത്തിരിക്കുന്ന നിങ്ങളെ തിരിച്ചറിഞ്ഞു, വലതുവശത്തിരിക്കുന്ന യുവസുമുഖൻ നിങ്ങൾക്ക് ആരായിട്ടു വരും?”, കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

“കിരീടാവകാശിയെ അല്ലേ നിങ്ങൾ ഉദ്ദേശിച്ചത്? പറയാം, ചെവിക്കൂർപ്പിക്കൂ, എന്റെ അച്ഛൻ ശന്തനുവിനു മഹാറാണി സത്യവതിയിൽ ഉണ്ടായ സന്തതി വിചിത്രവീര്യ രാജകുമാരൻ, ചെറുപ്പത്തിൽ ക്ഷയരോഗബാധിതനായി മരിച്ചപ്പോൾ, അവന്റെ യുവവിധവയിൽ മഹാറാണി സത്യവതിയുടെ വിവാഹപൂർവ സന്തതിയായ വ്യാസനുണ്ടായ മകൻ ധൃതരാഷ്ട്രർക്ക്, രാജ്ഞി ഗാന്ധാരിയിൽ ജനിച്ച നൂറോളം സന്തതികളിൽ ഒരാൾ. ഇളമുറയെങ്കിലും അധികാരമോഹിയായ ഒരു യമധർമ്മപുത്രൻ കിരീടാവകാശി എന്നവകാശപ്പെട്ടു ഇവിടെ ചുറ്റിക്കറങ്ങുന്നുണ്ടു എന്നു കേട്ടു, നിങ്ങളെ സ്വാധീനിക്കും. കരുതൽ വേണം!”
“വംശാവലിക്ക് നന്ദി. യുധിഷ്ഠിരന് ഇവരുമായി എന്തു ബന്ധം എന്നൊന്നും ഇപ്പോൾ ചോദിക്കുന്നില്ല, പൈതൃകസ്മരണ കെട്ടുപിണയും!”

◇ 2025/08/28 ◇

“എവിടെ ദുര്യോധനൻ?”, പരിഭ്രാന്ത ദ്രോണരോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. പ്രളയജലം പരന്ന കൗരവ പാളയത്തിൽ നിന്നും സൈനിക ക്ലട്ടപ്പലായനം തുടങ്ങിയ നേരം.

“കൗരവപാളയങ്ങളിൽ മാത്രം പുഴ, രാത്രി കവിഞ്ഞൊഴുകുമ്പോൾ തകർന്നുപോവില്ലേ കിരീടാവകാശിയുടെ കരൾ! എന്തിനു പുഴയോരത്തു പോരാട്ടഭൂമി തീർത്തു എന്ന മറുചോദ്യം ദുര്യോധനനോട്ട് ചോദിക്കുന്നവരോടൊരു വാക്കു? ചേരിതിരിഞ്ഞു പോരടിക്കാനെത്തിയ നാൽപ്പതു ലക്ഷം സൈനികർ ചോരയും മണ്ണും കഴുകി, നീന്തിക്കുളിച്ചു കയറാൻ പ്രകൃതി കനിഞ്ഞുതന്ന ശ്രദ്ധജലപ്രവാഹത്തിൽ, ഹിമാലയ മഞ്ഞുമലകൾ ഉരുകി മഹാപ്രളയത്താൽ കൗരവഇടങ്ങൾ മാത്രം തിരഞ്ഞു പിടിച്ചു ജലദേവത വെള്ളത്തിലാക്കുന്നെങ്കിൽ, അതിനു പിന്നിലൊരു ദുശ്ശഹ മാന്ത്രികശക്തിയുടെ അസ്വാഭാവിക സാന്നിധ്യം എങ്ങനെ ഇല്ലെന്നു പറയും.! ചാർവാകനെപ്പോലെ തീവ്രവാദിയല്ലെങ്കിലും, സദസ്സിൽ കാര്യം പറയുമ്പോൾ ഞാനും യുക്തിവാദി, ഒറ്റക്കാവുമ്പോൾ അജ്ഞേയവാദിയാവും, നാസ്തികനൊട്ടല്ല താനും. അറ്റകൈയ്യിന് അടിയന്തിരസഹായം തേടി പഴയ ഗുരുകുല വിദ്യാർത്ഥി കളായ പാണ്ഡവരെ സമീപിച്ചു. പ്രതീക്ഷിച്ച പോലെ പാർത്ഥപ്രതികരണം പ്രതീക്ഷാനിർഭരമായി. രണ്ടാം ഗുരുദക്ഷിണ അല്ലേ എന്നവൻ മുനവച്ചു ചോദിച്ചത്ു ഞാൻ കേട്ടില്ലെന്നു നടിച്ചു. കുരുവംശത്തിന്റെ അഖണ്ഡത പരിപാലിക്കാനുള്ള കൗരവരുടെ പ്രതിജ്ഞ, ഞാൻ കാരണം മൂദ്ദുവാവില്ലെങ്കിലും, ഈ പ്രകൃതിദുരന്തം അഥവാ പോർക്കള പ്രതിസന്ധി തരണം ചെയ്യാൻ അർജ്ജുന നേതൃത്വത്തിൽ പാണ്ഡവ സൈനികസേവനം പ്രയോജനം ചെയ്യുന്നുണ്ട്. ഇടവേള ഒഴികെ കട്ടിക്കാലം മുതൽ കൊടുംകാട്ടിൽ ജീവിച്ച പാണ്ഡവർക്ക് വന്യപ്രകൃതിയുടെ വിപരീതഭാവങ്ങളെ വരുതിയിലാക്കാൻ കഴിവുണ്ടെന്നു കേട്ടതൊക്കെ ശരിയാണോ എന്നുനോക്കാം!”

“ഇന്നെന്താ മുഖത്ത് അവിശ്രദ്ധമായ ഒരോർമയുടെ വേദനിപ്പിക്കുന്ന സാന്നിധ്യം?”, അന്തഃപുരത്തോടു ചേർന്ന പൂങ്കാവനത്തിൽ നടക്കുകയായിരുന്ന മഹാറാണിയോട്ട് ഉപചാരപ്രകടത്തിനു ശേഷം കൊട്ടാരം ലേഖിക ചോദിച്ചു.

“അതോ വിദൂരമല്ലാത്ത സാധ്യതയുടെ സാന്നിധ്യമോ? ഉറക്കമുണർന്നപ്പോൾ മുതൽ ഒരു ‘പ്രത്യക്ഷം’ എന്നെ പ്രലോഭിപ്പിക്കുന്നു. തിരിഞ്ഞു നോക്കാതെ പാണ്ഡവർ വച്ചടി വച്ച മലമ്പാതയിലൂടെ ‘സ്വർഗ്ഗരാജ്യം’ ലക്ഷ്യമാക്കി മുന്നേറുമ്പോൾ, പിന്നിൽ കുഴഞ്ഞു വീണ എന്നെയാരോ മലമടക്കുകളിൽ നിശബ്ദം അടക്കം ചെയ്യുന്നു!”

“ഏതോ പുഴയോര കർഷകൻ കന്നുപൂട്ടി നിലമൊരുക്കി വിതച്ചു, വിളഞ്ഞു, കൊയ്ത്ത് മെതിച്ച ധാന്യം വേവിച്ചതാണോ, ഈ അക്ഷയപാത്രത്തിൽ, ഇങ്ങനെ തോന്നുമ്പോൾ തോന്നുമ്പോൾ, കയ്യിട്ടുവലിച്ചാൽ കിട്ടുക, അതോ പ്രതീതിഭക്ഷണമോ?”, ഊണ് കഴിക്കാൻ ക്ഷണിക്കുകയാണോ എന്ന് നകുലൻ ക്ഷണിച്ച ഊട്ടുപുരയിൽ വെറും നിലത്തു ചമ്രം പടിഞ്ഞിരിക്കുമ്പോൾ, ഇലയിൽ വിളമ്പിയ ഭക്ഷണം നോക്കി കൊട്ടാരം ലേഖിക ഭീമനോട്ട്.

“ഈ പരുക്കൻ കുടിലിൽ പന്ത്രണ്ടു വർഷ തടവുശിക്ഷയാതന എന്ന യാഥാർഥ്യം ഉൾക്കൊള്ളുമ്പോൾ തന്നെ, ഇവിടെയാണ് വ്യക്തികൾ എന്ന നിലയിൽ ‘ദേവസന്തതി’കളെന്നു മേനി പറയുന്ന പാണ്ഡവർ തനിനിറം വാക്കിലും പ്രവർത്തിയിലും കാണിച്ചു തരുന്നതെന്നു നിങ്ങൾ ഏറ്റു പറയുമ്പോഴാണ്, യുധിഷ്ഠിരന്റെ നിർമ്മര്യാദ പരമായ ഇടപെടലിൽ ഇന്നലെ രാത്രി നാം സംഭാഷണം നിർത്തിവക്കേണ്ടി വന്നത്. ഇപ്പോളവർ നായാട്ടിനു പോയ സ്ഥിതിക്ക് മുറിഞ്ഞ സംഭാഷണം പുനരാരംഭിച്ചാൽ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. ജാലകത്തിലൂടെ കാണാമായിരുന്നു, കുടിലിലേക്ക് വരാനും പോവാനുമുള്ള ഇടവഴി.

“അവരവരുടെ എച്ചിൽ പാത്രങ്ങൾ സ്വയംകഴുകണമെന്നു ഞാൻ കർശന നിലപാടെടുത്തപ്പോൾ യുധിഷ്ഠിരൻ ആളാകെ ചൂടായി. അക്ഷയപാത്രത്തിൽ നിന്ന് പരിമിതിയില്ലാതെ തിന്ന ശേഷം, പുറത്തു പോയി കനിഞ്ഞു എച്ചിൽ കഴുകുന്ന ഗാർഹികജോലിയുടെ ഭാരം അവരഞ്ചു പേരും അനുഭവിച്ചതോടെ, തിരിച്ചടി ഞാൻ പ്രതീക്ഷിച്ച പോലെ തന്നെ സംഭവിച്ചു—പിറ്റേന്ന് ഉച്ചക്ക് ഞാൻ ഊട്ടുപുരയിൽ പോയി അക്ഷയപാത്രം തുറന്നപ്പോൾ അതിലുണ്ടായിരുന്ന ഭക്ഷണം അവർ എച്ചിൽതുപത്തിൽ പാടുപെട്ട മലിനപ്പെടുത്തിയിരിക്കുന്നു. അതോടെ, എന്റെ മധ്യാഹനഭക്ഷണവും അവസാനിച്ചു. രാത്രി അവർ തന്നെ കഴുകി വൃത്തിയാക്കി പുതുഭക്ഷണം പ്രത്യക്ഷമാവും വരെ എന്റെ പേർ ജപിച്ചു കാത്തിരിക്കേണ്ടി വന്നു. അപ്പോഴാണ് യുധിഷ്ഠിരൻ കൊടുംകാറ്റ് പോലെ പേ പിടിച്ചുവന്ന നമ്മെ ശല്യപ്പെടുത്തിയത്” ഊട്ടുപുര ജാലകത്തിനു പുറത്തു ചെവിയോർക്കുന്ന നകുലൻ, പാഞ്ചാലി സംസാരിക്കുംവരെ പതുങ്ങി, പിൻവാങ്ങുന്നത് കൊട്ടാരം ലേഖിക ഒളികണ്ണിൽ കണ്ടു. അവൾ കണ്ടു എന്നത് പാഞ്ചാലിയും കണ്ടു പക്ഷേ, പരസ്പരം ആ അറിവ് പങ്കിടാതെ ദാമ്പത്യത്തിന്റെ അപനിർമ്മിതിയിലേക്കു തിരിഞ്ഞു.

◇ 2025/08/29 ◇

“പുനരധിവാസ കേന്ദ്രത്തിൽ യമുനാനദിയിലെ പ്രളയജലം കയറിയ നേരത്ത്, അരങ്ങേറ്റ മൈതാനത്തിൽ പൊതുയോഗം?”, യുദ്ധകാര്യലേഖകൻ, കൊട്ടാരം ലേഖിക യോട്ട് ധാർമ്മിക രോഷത്തിൽ തട്ടിക്കയറി.

“വെള്ളപ്പൊക്കവും വരൾച്ചയും പ്രകൃതി വരുത്തുന്ന ദുരന്തങ്ങളല്ലേ? എന്നാൽ അരങ്ങേറ്റ മൈതാനത്ത് കണ്ടത് കരൾ കളിർപ്പിക്കുന്ന കാഴ്ച. രാജ്യത്തിന്റെ അഖണ്ഡതയെ വെല്ലുവിളിച്ച വിഘടനവാദികളെ ചെറുത്ത് കുരുക്ഷേത്രയിൽ, ജീവത്യാഗം ചെയ്ത കൗരവ കിരീടാവകാശി ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമക്കായി പാണ്ഡവവിജയത്തിന്റെ ആദ്യവാർഷികത്തിൽ, പ്രിയഅർദ്ധസഹോദരനു യുദ്ധരത്നപുരസ്കാരം മരണാനന്തര ബഹുമതിയായി യുധിഷ്ഠിരൻ പ്രഖ്യാപിക്കുന്ന യോഗത്തെ കുറിച്ച് അജ്ഞതയും അവജ്ഞയും നിങ്ങൾ നടിക്കുന്നത് എന്തു കൊണ്ടെന്ന് അറിയില്ലെന്ന് കരുതിയോ? യുദ്ധം കഴിഞ്ഞതോടെ തൊഴിൽരഹിതനായ നിങ്ങൾക്ക് ഇതൊന്നും ദഹിക്കുന്നില്ലല്ലേ? ചുവർപതിപ്പുകളിൽ വാർത്ത പൊലിപ്പിച്ചില്ലെങ്കിൽ നമുക്ക് കൗരവർ തന്ന ആഡംബരമന്ദിരങ്ങൾ തിരിച്ചുപിടിക്കുമെന്ന നകുലൻ എന്ന ചാരവകുപ്പുമേധാവിയുടെ ദുസ്സൂചന! യുദ്ധരത്നപുരസ്കാരം മഹാറാണി പാഞ്ചാലിയിൽ നിന്ന് ദുര്യോധനവിധവ, പ്രളയം കാരണം ഏറ്റു വാങ്ങാൻ വരാത്തത് കൊണ്ട് ‘കൗരവഅന്തകൻ’ ഭീമൻ, പുരസ്കാരം സ്വീകരിച്ചു. പ്രളയ ദുരിതാശ്വാസം കഴിഞ്ഞു സൗകര്യമായി നേരിൽ കൊണ്ടുപോയി ദുര്യോധനവിധവക്കു കൈമാറും.”

“ഇതിഹാസമുഹൂർത്തതിന് സാക്ഷി” എന്ന വാർത്ത എഴുതിയ പനയോല യുദ്ധകാര്യലേഖകന് നേരെ എറിഞ്ഞു കൊട്ടാരം ലേഖിക പുറത്തേക്കു നടന്നു.

“ഒരു ഭരണപരിചയവും ഇല്ലാത്ത പരീക്ഷിത്തിന് ചെങ്കോൽ എറിഞ്ഞു കൊടുത്ത നിങ്ങളാറ്റ് പേരും ഇങ്ങനെ മുന്നറിയിപ്പില്ലാതെ പടിയിറങ്ങിയാൽ ഹസ്തിനപുരിയുടെ ഭാവി സുരക്ഷാഭീഷണി പിന്നെ ആര് നേരിടും?”, കൊട്ടാരം ലേഖിക പുതിയ കുരുവംശാധിപന്റെ മുത്തച്ഛനായ അർജ്ജുനനോട് ചോദിച്ചു.

“അതെന്താ നിങ്ങൾ അങ്ങനെ ചോദിക്കുന്നത്? കുടിയേറ്റകൃഷിക്കാരായി ഖാണ്ഡവപ്രസ്ഥത്തിൽ ചെന്ന് കൊടുംകാട്ട് വെട്ടി തെളിയിച്ച ഇന്ദ്രപ്രസ്ഥം നഗരം പണിതപ്പോൾ, ഇനി ഞാൻ തന്നെ ചക്രവർത്തി എന്ന് പ്രഖ്യാപിക്കാൻ വേണ്ട രാഷ്ട്രീയഔചിത്യം നിരക്ഷരയുധിഷ്ഠിരൻ അന്നേ കാണിച്ചതല്ലേ”, നേരിയൊരക്ഷമ കലർന്നിരുന്ന അർജ്ജുനശബ്ദത്തിൽ. വാർദ്ധക്യത്താൽ ശരീരചലനം പതുക്കെ.

“തെരുവോരങ്ങളിൽ അലഞ്ഞു നടക്കുന്ന ഗോസമ്പത്തുള്ള ഇടമല്ലേ ഹസ്തിനപുരി? വിരാട ഗോസമ്പത്ത തട്ടിയെടുക്കാൻ, ഭീഷ്മരും കർണ്ണനും നേതൃത്വം കൊടുക്കുന്ന കൗരവ പട പിന്നെ എന്തിനാണ്?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“വിരാടരാജ്യം നമുക്ക് തൊട്ടയൽപ്പക്ക മല്ലായിരിക്കാം, പക്ഷേ, അജ്ഞാതവാസത്തിനു പാണ്ഡവർക്ക് വിരാടൻ അനുമതി നൽകി, അറിയാമോ! ഇതു ചോദ്യം ചെയ്യാതെ വിശ്രമമില്ലെന്ന കൗരവ പ്രചാരണം ‘നിസ്സാര’മായ ഒരു പോരാട്ടത്തിലൂടെ ഫലം കണ്ടു. രണ്ട് പ്രവിശ്യകൾ തമ്മിലുള്ള അവകാശ തർക്കം അങ്ങനെ നിന്നു. കുരുവംശത്തെ വെല്ലുവിളിക്കുന്ന നാടുവാഴികൾ, വിരാടയിൽ, പാണ്ഡവരെ അജ്ഞാതവാസത്തിനു എതിരായ ഈ ആക്രമണം നേരിടാൻ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നല്ലോ. വിരാടപടയോട്ടം ഭീഷ്മരും കർണ്ണനും അങ്ങനെ ഫലപ്രദമായി പൂർത്തിയാക്കി. വിരാടപ്രചാരണം നാട്ടിൽ ഉണ്ടാവാതിരിക്കാൻ, ഹസ്തിനപുരിയിൽ ഞങ്ങൾ വാർത്താവിനിമയ വിലക്കേർപ്പെടുത്തി. തോറ്റത് നമ്മളെന്നറിയാതെ സൈനികർ കർമ്മവീര്യത്തോടെ തിരിച്ചെത്തി. യുദ്ധ പ്രതീതി ഞങ്ങളിലും മനോവീര്യം നിലനിർത്തി. ഉത്തര രാജകുമാരിയുടെ നൃത്താധ്യാപകനായ ഒരുബ് ‘മൂന്നാം ലിംഗ’ക്കാരനെയായിരുന്നു വിരാടൻ പടനായകനാക്കിയതെന്ന പ്രചാരണവും മികവോടെ ഞങ്ങൾ ഏറ്റെടുത്തു. സൈനിക സർവ്വകലാശാലയിൽ പഠിക്കേണ്ടത് വിരാട മിന്നലാക്രമണത്തിൽ രണ്ടാഴ്ച കൊണ്ട് ഞങ്ങൾ പഠിച്ചു. ഇനി സൈനിക മേധാവികൾക്കൊപ്പം കുടുംബസമേത ഹിമാലയയാത്ര. സുഖവാസ കേന്ദ്രം, മദ്യം മദിരാക്ഷി പോരുന്നോ, കൂടെ!”

◇ 2025/08/30 ◇

“എന്തായിരുന്നു നീരാടി മടങ്ങുമ്പോൾ ദൂതൻ താങ്കളോട് പറഞ്ഞത്? പോരാട്ടത്തിൽ നിർണ്ണായക സ്വാധീനമുള്ളതാവാം എന്നു എനിക്കു സംശയം തോന്നി.”, ദുര്യോധനൻ കർണ്ണനോട് ചോദിച്ചു. ഭ്രഗർഭ അറ, വൈകിയ രാത്രി. ഇരുവരുടെ നിശ്ചലനിഴലുകൾ ഭീമാകാരത്തിൽ കാണാമായിരുന്നു.

“ജനിതകധാരയാൽ നീ യഥാർത്ഥത്തിൽ ‘തലമുതിർന്ന’ കൗന്തേയൻ എന്നവൻ അർത്ഥഗർഭമായി ഓർമ്മിപ്പിച്ചു. പാണ്ഡവർക്കൊപ്പം യുദ്ധം നയിക്കാൻ നീ ചേരണം എന്നവൻ ചൂണ്ടുവിരൽ നാടകീയമായി ആകാശത്തേക്കുയർത്തി. സൂര്യൻ സാക്ഷി.”

“നീ എന്തു പറഞ്ഞു?”, കർണ്ണനേത്രങ്ങളിലേക്കു ദുര്യോധനൻ ചുഴിഞ്ഞു നോക്കി.

“ജൈവിക ബന്ധത്തേക്കാൾ ആജീവനാന്ത പ്രതിബദ്ധത വിശ്വസ്ത സൗഹൃദത്തോടാണെന്നു ഞാൻ യാദവനോട് പറഞ്ഞു. സൂതപുത്രനെന്ന ജാതീയ അവഹേളനയാൽ, ഗുരുകുലം മുതൽ ഭൂതകാല ദുരനുഭവം എന്നെ അവമതിക്കുമ്പോളൊക്കെ, മാനഹാനിയിൽ നിന്നും എന്നെ രക്ഷിച്ച ദുര്യോധനനുമായി ‘ഒടുങ്ങാത്ത സഖ്യ’മാണെനിക്ക് ഭാവിയിലും എന്നു സംഭാഷണം ഞാൻ അവസാനിപ്പിച്ചു.”

“കൂടിയൊഴിപ്പിക്കപ്പെട്ട വിധവകൾക്കു ‘ഐഖ്യ’ദാർഢ്യമൊന്നും ഇതുവരെ കണ്ടില്ലല്ലോ. സൈന്ധവദേശത്തു നിന്നും നിങ്ങൾ മടങ്ങിയെത്താൻ വൈകിയോ, അതോ, യുദ്ധ ജേതാക്കളെ കണ്ടപ്പോൾ മനം മാറിയോ?”, കുരുക്ഷേത്രക്കു ശേഷം ആദ്യമായി ഹസ്തിനപുരിയിൽ എത്തിയ കൗരവ സഹോദരി ദുശ്ശളയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഭർത്താവ് ജയദ്രഥൻ കുരുക്ഷേത്രയിൽ ‘ബലിദാനി’യായതോടെ സൈന്ധവരാജമാതാ പദവിയേറ്റെടുക്കേണ്ടിവന്ന എന്നു വെച്ചു കൗരവ വിധവകളോട് സാഹോദര്യം നിലനിർത്തിയില്ല എന്നു നിങ്ങൾ നിഗമനത്തിൽ എത്തിയാൽ, സ്ത്രീകൾ എന്തു ചെയ്യും! സ്വത്ത് തിരിച്ചു പിടിക്കുക എന്നതായിരുന്നു പാണ്ഡവ ലക്ഷ്യം എന്നു തോന്നുന്നില്ല, അങ്ങനെയെങ്കിൽ പാണ്ഡവർ ഇന്ദ്രപ്രസ്ഥത്തിലേക്കല്ലേ പോവേണ്ടതു്? പകരം ഹസ്തിനപുരിയിൽ എത്തി, അന്ധനു മനുഷ്യാവകാശം നിഷേധിച്ചു. ഇരുമ്പുമുള്ളു പിടിപ്പിച്ച പ്രതിമ ധൃതരാഷ്ട്രർക്ക് ആലിംഗനം ഏർപ്പാടാക്കിയ ‘മൗലികപ്രതിഭ’ക്കു വേണ്ടേ ‘അഹിംസാപുരസ്കാരം’! സൈന്ധവജനതക്കു എന്നെ രാജമാതാവായി സ്വീകരിക്കാമെങ്കിൽ, കലിംഗ ദേശക്കാരി ദുര്യോധന വിധവക്കു എന്തു കൊണ്ട് ഹസ്തിനപുരി ആ പദവി കൊടുത്തുകൂടാ? അപ്പോൾ നിങ്ങൾ പറയും, മരിക്കും വരെ ദുര്യോധനൻ, അഭിഷിക്തനാവാത്ത വെറുമൊരു കിരീടാവകാശി മാത്രം! ഞാൻ ഇവിടെ വന്നതു് ഹസ്തിനപുരി വനിതാവകാശസമിതിയുടെ അധ്യക്ഷ എന്ന നിലയിലാണ്. സ്വതന്ത്ര നീതിപീഠമാണെന്നെ നിയമിച്ചതു്. ഭരണമാറ്റത്തിൽ അസാധുവാകുന്ന പദവിയല്ല. പാഞ്ചാലി അതൊക്കെ ഓർത്താൽ നന്ന്!” താക്കീതുപോലെ ദുശ്ശള, വിരൽ ഹസ്തിനപുരിയുടെ അധികാരഇടമായ കോട്ടക്കു നേരെ ഭീഷണനോട്ടത്തോടെ ചൂണ്ടി. നകുലനേത്രങ്ങൾ ഭീതിയോടെ അവളെ പിന്തുടർന്നു.

“എന്റെ കൗമാരകാലം നിങ്ങൾ ചുഴിഞ്ഞു ചോദിക്കുമ്പോൾ ഞാൻ വിചാരിക്കുകയാണ്, വ്യാസൻ എഴുതിയ ഔദ്യോഗിക ജീവചരിത്രം എന്തുകൊണ്ട് നിങ്ങൾ നിർബന്ധമായും വായിച്ചുകൂടാ?”, കുന്തീദേവി കൊട്ടാരം ലേഖികയോട് ചോദിച്ചു. പാണ്ഡവഭരണകാലത്തിലും ഗാന്ധാരിയുടെ തോഴിയായി ധൃതരാഷ്ട്രവസതിയിൽ കുന്തി കഴിയുന്ന കാലം.

“എന്തിനു അതൊക്കെ വായിച്ചു ഞാൻ സമയം കളയണം? കർണൻ എന്ന് സാന്ദർഭികമായി പരാമർശിച്ചപ്പോൾ തന്നെ, ഇനിയും എഴുതപ്പെടാത്ത ഒരു വലിയ ഇതിഹാസത്തെ അല്ലെ നിങ്ങളുടെ മുഖം ഒളിപ്പിക്കാൻ ശ്രമിച്ചതു്?”

“ദൂരംനടന്നു കഷ്ടപ്പെട്ട് സ്വയം ചുമന്നു കൊണ്ട് വന്ന കല്യാണസൌഗന്ധികം, പാതിരാത്രി പ്രിയതമയെ വിളിച്ചുണർത്തി ഏൽപ്പിച്ചപ്പോൾ ഔപചാരിക പ്രശംസയിൽ ഒതുക്കിയോ പ്രതികരണം പാഞ്ചാലി?” “വാടിയ പൂ വലിച്ചെറിയൂ, ആൺകുട്ടികൾ എന്നോ പറിച്ചു കൊണ്ട് വന്നെന്നെ ചൂടി, എന്ന് പായിൽ, അവളെ പുണർന്നു കിടന്നുറങ്ങിയ ഇളമുറനകുലനെ തലോടി പാഞ്ചാലി എന്നെ വിരൽചൂണ്ടി പുറത്താക്കി”, ഭീമൻ സ്ഥലകാലബോധമില്ലാതെ ഹസ്തിനപുരി കൊട്ടാരം ലേഖികയുടെ മുമ്പിൽ വിതുമ്പി.

“ദശാബ്ദങ്ങളായി ഞങ്ങൾ താമസിക്കുന്ന ഈ മന്ദിരം സ്വന്തം സമ്പാദ്യം കൊണ്ടു ആണെന്നും, കുരുവംശത്തിന്റെ ഒരു സൗജന്യവും അതിന്റെ നിർമിതിയിൽ സ്വീകരിച്ചിട്ടില്ലെന്നും അവകാശപ്പെടുന്ന ദുര്യോധന സത്യവാങ്മൂലവും പൊക്കിപ്പിടിച്ചാണ് രാജവിധവ കുടിയൊഴിപ്പിക്കലിനെ ചെറുക്കുന്നതു്. എങ്ങനെ നേരിടും ഈ സംഭവ വികാസം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“കുടിയൊഴിപ്പിക്കുന്നതു് ആരെങ്കിലും എഴുതിയ രേഖ നോക്കിയാണോ! ഒന്നും ഫലിക്കില്ലെങ്കിൽ പുകച്ചു പുറത്തുചാടിക്കും”, ചാരവകുപ്പു മേധാവിയുടെ ചുമതല വഹിക്കുന്ന നകുലൻ, തിരക്കിലും പ്രസന്നമായ മുഖഭാവങ്ങളോടെ പറഞ്ഞു.

“ഭർത്താക്കന്മാരെ ‘അപനിർമ്മിക്കുന്ന’തിൽ പാഞ്ചാലി അപാകത കാണിക്കുന്നില്ലെങ്കിലും, നിങ്ങൾ ദുര്യോധനനെ ‘പ്രതിചേർക്കു’ന്ന ഓർമ്മയില്ല. ഇതൊരു മാനസിക പരിശീലന മാണോ?”, കൊട്ടാരം ലേഖിക ദുര്യോധനവിധവ യോട് ചോദിച്ചു.

“പാണ്ഡവരുടെ ദാമ്പത്യേതര ജീവിതത്തിൽ പാഞ്ചാലി നേരിട്ട പോലൊരു ദുരന്തം എന്റെ ജീവിതത്തിൽ ഉണ്ടായില്ലെന്നതു് ദുര്യോധനന്റെ മാനസിക പരിശീലനം കൊണ്ടായിരുന്നു. നൂറോളം സഹോദരഭാര്യമാർ വിധേയത്വം കാണിക്കുന്ന സാഹചര്യങ്ങൾ നേരിടുമ്പോഴും, അവിശ്വസ്തരതി ‘കൗതുകപ്പെടുത്തുന്ന’തായി കണ്ടിട്ടില്ല. പിന്നെ എന്തിനയാളുടെ പാണ്ഡവവിരുദ്ധ രാജകീയാഭിലാഷങ്ങൾ എന്നെ മടുപ്പിക്കണം?”

“തിമിർപ്പിൽ വാരിപ്പുണർന്നമ്മ വച്ചുവോ പാഞ്ചാലി?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. കല്യാണസൗഗന്ധികം തേടി ഭീമൻ കാടായ കാടൊക്കെ കണ്ട് തിരിച്ചു വന്നിരുന്നു.

“വാടിയ പൂവൊക്കെ വലിച്ചെറിയൂ മനുഷ്യാ, പ്രിയനകുലൻ എന്നെ കല്യാണസൗഗന്ധികം പൂ ചൂടിയാണിപ്പോൾ പരിലാളിക്കുന്നതു, എന്ന് പാഞ്ചാലി പറയുന്നതു കേട്ട ‘പ്രണയതിരസ്കൃതൻ’ കാൽ പിന്നോട്ടടിച്ച ഓർമ്മയുണ്ട്.”

“‘നിങ്ങളാരെ’ന്നു പോലും തിരിച്ചു ചോദിക്കാതെ, കവച കുണ്ഡലങ്ങൾ ആർക്കോ ഊരിക്കൊടുത്ത ‘മണ്ടൻവ്യക്തി’യാണോ ‘ദാനശീലൻ കർണ്ണൻ’?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ജീവൻരക്ഷാ ഉടൽ കവചം ദേവേന്ദ്രന്റെ അച്ഛനു കർണ്ണൻ ഊരിക്കൊടുത്താലും, വരാനിരിക്കുന്ന യുദ്ധത്തിൽ മരിക്കുമെന്നറിഞ്ഞിട്ടും, ആ മഹാദാനം മഹത്വപ്പെടുത്തി മുഖ്യ വാർത്തയാക്കിയില്ലല്ലോ നിങ്ങൾ! ജനത്തെ അറിയിക്കാൻ എല്ലാ ദാനശീലരും ചെയ്യുന്നത് കർണ്ണനും ചെയ്തുണ്ടോ? വലതുകൈ ചെയ്യുന്ന ദാനം ഇടതുകൈ അറിയരുത് എന്ന കുരുവംശച്ചിട്ട എന്തിനു കർണ്ണൻ പാലിക്കണം?”

“തീർത്ഥയാത്ര എന്നും പറഞ്ഞല്ലേ, പാണ്ഡവരും പാഞ്ചാലിയും സുരക്ഷ നിരാകരിച്ചു പടിയിറങ്ങിയത്. ഇതാ മഹാറാണി പാഞ്ചാലി മാത്രം മടങ്ങി വന്നിരിക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുന്നില്ല. പാണ്ഡവരുടെ തിരോധാനത്തിനു താൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്നില്ല എന്ന് മാത്രം വ്യക്തമായി കേട്ട”, ദുഃഖിതയായ നെറ്റി ചുളിഞ്ഞ കൊട്ടാരം ലേഖിക പത്രാധിപരോട് പറഞ്ഞു.

“ഭരണം കൈവിട്ടിട്ടില്ലാത്ത പാണ്ഡവരുടെ ദുഃഖിതിരോധാനം അത്ര ലഘുവായി ‘ഹസ്തിനപുരി പത്രിക’ കാണുമെന്നു അധികാരമോഹിയായ പാഞ്ചാലി ഒരു നിമിഷം പോലും ചിന്തിച്ചു പോകരുത്. പന്ത്രണ്ടു വർഷം സന്യസ്ഥാശ്രമങ്ങളിലെ ഖരമാലിന്യം സ്വയം ചുമന്നു, ദൂരെ കഴികുത്തി സംസ്കരിച്ചു പരിചയം വന്ന കരുത്തയായ പാഞ്ചാലിക്കുണ്ടോ, അസംതൃപ്ത ദാമ്പത്യത്തിലെ അഞ്ചു വിഴുപ്പു കെട്ടുകൾ ആരും കാണാതെ മണ്ണിട്ടു മൂടാൻ വിമ്മിട്ടം?”

“ഉദ്യാനവളർച്ച ഊഹിച്ചതിലും മുന്നിൽ.”,കൊട്ടാരം ലേഖിക പാഞ്ചാലിയെ അഭിവാദ്യം ചെയ്തു. രാജമന്ദിരങ്ങൾക്കകലെ ശ്രദ്ധാപൂർവ്വം നിലനിർത്തിയ ആശ്രമാന്തരീക്ഷത്തിൽ ആയിരുന്ന പാഞ്ചാലിയുടെ ഔഷധസസ്യത്തോട്ടങ്ങൾ.

“ആയുസ്സോ ആരോഗ്യമോ ഉറപ്പു വരുത്താനൊന്നുമല്ല അധ്വാനഭാരം ഞാൻ സ്വയം ഏറ്റെടുത്തത് എന്ന് നിങ്ങൾക്കറിയാം. ദേവസന്തതി എന്നവകാശപ്പെട്ട കുറച്ചു കാലമായി യുവത്വം ഇന്നും കൂടെയുണ്ടെന്ന് മേനി പറയുന്ന പാണ്ഡവ ‘വയോജന’ങ്ങളെ ചിലതൊക്കെ പഠിപ്പിക്കാൻ ഞാനിതിന്റെ പരിപാലനം നിർവ്വഹിക്കുന്നു എന്നു മാത്രം.” ഊഴമനുസരിച്ചവരുടെ തല, രാത്രി എന്റെ വസതിയിൽ പ്രത്യക്ഷപ്പെടും. അവരുടെ മുഖം എനിക്ക് കാണാനും, എന്നാൽ, എന്റെ മുഖം ഇരുളിൽ മറയ്ക്കാനുമാവുന്ന വെളിച്ചവും നിഴലും മനഃപൂർവ്വം അന്തഃപുരത്തിൽ നിലനിർത്തുന്നത് കൊണ്ട്, നേരത്തെ പറിച്ചെടുത്ത ഈ പച്ചില മരുന്നുകൾ ചവച്ചിറക്കാൻ കൊടുക്കും. അല്പസമയത്തിനുള്ളിൽ കാണാം, അവർ മലർന്നടിച്ചു വീണുറങ്ങുന്നതു. അതോടെ പുരുഷഗന്ധമേൽക്കാത്ത വേറൊരു പായിലേക്കു എന്റെ പാവം ഉടൽചെരിയും. യുദ്ധം കഴിഞ്ഞതോടെ തൊഴിൽ നഷ്ടപ്പെട്ട യുദ്ധകാര്യലേഖകനെ വരുതിയിലാക്കാൻ, വിശേഷസിദ്ധിയുള്ള ഒരു ഇലച്ചാർത്തു നിങ്ങൾക്കും സമ്മാനമായി തരട്ടെ?”

“സൂചികുത്താനിടം ചോദിച്ച നിങ്ങൾ, പക്ഷേ, പോരാടിയപ്പോൾ ചോരപ്പഴ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ദിവ്യായുധ പ്രയോഗം നിർവഹിച്ചാൽ ചോരവാർച്ചയില്ലാതെ ശാക്തിക സമവാക്യങ്ങൾ സാധ്യമാവുമെന്ന നകുല നിർദേശം പോർക്കളത്തിൽ ഞങ്ങളെ സ്വാധീനിച്ചില്ല. കൗരവകുടലുകൾ പറിക്കണമെന്ന ഭീമപ്രതിജ്ഞ ഓരോ യുദ്ധവധവും ‘വ്യക്തിഗത കൊല’യാക്കി മാറ്റി. ഹിംസയില്ലാത്ത തർക്കപരിഹാരമെന്ന നയതന്ത്ര ആശയത്തിൽ കത്തിവച്ചത്, മുടികെട്ടാൻ കൗരവച്ചുടുചോര വേണമെന്ന പെൺശാഠ്യ മായി. പ്രപഞ്ചത്തിൽ നാം കാണുന്ന ഒന്നും, യഥാർത്ഥത്തിൽ അങ്ങനെ ആവണമെന്നില്ല എന്ന വചനം സ്വത്തുതർക്ക പരിഹാരത്തിൽ ഞങ്ങൾ അവഗണിച്ചു. അത്തരം അശുഭ നിഗമനങ്ങൾക്കിടയിലും അടിമത്വത്തിൽ നിന്ന് അധികാരത്തിലേക്ക് എന്ന സ്വപ്നം നാളെ ഈ സമയത്തു യാഥാർഥ്യമാവുമ്പോൾ, മുൾവാക്കുകൾ നിങ്ങൾ ഇനി പറയരുത്!”, കൊട്ടാരം ലേഖികയുടെ കഴുത്തിൽ ഇരുകൈകളും മുറുക്കി യുധിഷ്ഠിരൻ യുദ്ധാവേശത്തിലായി.

“വാനപ്രസ്ഥമെന്നു മേനി പറഞ്ഞല്ലേ, പരിത്യാഗികളെ പോലെ മുണ്ഡനംചെയ്ത ശിരസ്സുമായി പാണ്ഡവരും പാഞ്ചാലിയും ചെങ്കോൽ പരീക്ഷിത്തിനു കൈമാറി, അരമന പടിയിറങ്ങിയത്? ഇതാ, വളർന്ന മുടിയുമായി പാഞ്ചാലി തിരിച്ചെത്തി, തിരുവസ്ത്രം ധരിച്ചു രാജ സഭയിൽ ചെങ്കോലിനു അവകാശവാദം! മഹാരാജാവ് പരീക്ഷിത്തിന്റെ ചോദ്യങ്ങൾക്ക് ഉത്തരമൊന്നും കിട്ടുന്നില്ല. പാണ്ഡവ തിരോധാനത്തിനു ഉത്തരവാദിത്വം ഏറ്റെടുക്കുംവരെപാഞ്ചാലിയെ കരുതൽ തടങ്കലിൽ വക്കേണ്ടേ?”, കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. ഭരണവിരുദ്ധ വികാരമേറ്റ പാണ്ഡവരെ മലമ്പാതയിൽ മാലിന്യക്കുഴിതോണ്ടി മൂടിയതിനു അംഗീകാരമായി, ദേശരത്ന പുരസ്കാരത്തോടു കൂടിയല്ലേ മഹാറാണിപദവിയിലേക്ക് പാണ്ഡവതിരുസഭ, പാഞ്ചാലിയെ പട്ടാഭിഷേകം ചെയ്യേണ്ടതു?”, കൊട്ടാരം ഊട്ടുപുരയിലേക്കു വരി നിൽക്കുകയായിരുന്ന യുക്തിവാദി.

“ഉടയോൻദുര്യോധനന്റെ കാർമികനായ നിങ്ങൾ ഈ ധർമ്മയുദ്ധത്തിൽ എന്തൊക്കെ നേടി?”, ദ്രോണപുത്രൻ അശ്വത്ഥാമാവിനെ കൊട്ടാരം ലേഖിക കാട്ടിൽ കണ്ടെത്തി!

“‘ഹസ്തിനപുരി പത്രിക’ യുടെ വക്രിച്ച ‘മാപ്രദ്വഷ്ടി’യിൽ ഞാനൊന്നും നേടിയില്ല? പാഞ്ചാലിയുടെ അഞ്ചു മക്കളെയും ഒറ്റയ്ക്ക് ചവിട്ടിത്തിരുമ്പി കൊന്നില്ല? ദുര്യോധനവീഴ്ചയോടെ യുദ്ധം അവസാനിക്കും എന്ന് പറഞ്ഞ പാണ്ഡവർ, ആ രാത്രി ഭയന്നൊളിച്ചില്ല? അഭിമന്യുഭാര്യ ഉത്തരയുടെ ഗർഭസ്ഥശിശുവിനു നേരെ ദിവ്യാസ്ത്രം പ്രയോഗിച്ച്, പാണ്ഡവരെ ഞാൻ വിറപ്പിച്ചില്ല?, ക്ഷത്രിയ പോരാളികളോട് ഏറ്റുമുട്ടാൻ ഒറ്റയ്ക്ക് കഴിയും എന്ന് കണ്ടില്ല? യുദ്ധരത്ന പുരസ്കാരത്തിന് എന്തു കൊണ്ട് എന്നെ നിങ്ങൾ നാമനിർദേശം ചെയ്തു കൂടാ? അതിനിടയിൽ ‘ആയിരം കൊല്ല’ വനവാസ ‘ശാപ’മുണ്ട് എന്നറിയുന്നു. ഈ ഗ്രഹത്തിൽ ജന്മം കിട്ടിയാൽ, അനുഗ്രഹവും ശാപവും പതിവല്ലെ?, എന്നെ ശപിച്ചവനെ കൊല്ലാൻ, ദൂരെ ആലയിൽ വേടൻ ആയുധം മൂർച്ച കൂട്ടുകയല്ലേ? ഒന്നും ലഘൂകരിക്കരുതേ!”

“ഇതാ ഞങ്ങളുടെ അധികാര ദണ്ഡ് ചെങ്കോൽ, ഇപ്പോൾ നിങ്ങൾക്ക് വ്യക്തമല്ലേ ഞങ്ങൾ ഒന്നു പടിയിറങ്ങി പോയത് വാനപ്രസ്ഥത്തിനല്ല, ലഘു വ്യായാമത്തിനാണ്. നിങ്ങൾ തിരുത്തണം “ഹസ്തിനപുരി പത്രികയിലെ ദുസ്സൂചന നിറഞ്ഞ പാണ്ഡവരുടെ തിരോധന വാർത്ത. രാജദ്വേഷണം നടത്തുന്ന വനിതാ പത്രപ്രവർത്തകരെ വാനപ്രസ്ഥത്തിനു വിടണോ, വേണ്ടി വന്നാൽ അതിനും പാണ്ഡവർ തയ്യാർ”, ധൃതിയിൽ ഗോപുരവാതിലിലൂടെ അകത്തു പാഞ്ഞു കയറിയ അഞ്ചുപേരും കൈകൾ ഉയർത്തി. “ജീവനുണ്ട്, ആരും ഞങ്ങളെ കൊന്നു കുഴിച്ചിട്ടില്ല!”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014